06
2025
മേയ്
ചൊവ്വ
മേടം 23

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.131 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-131 പേജ് 4. വില 2.00 രൂപ




02 ആശമാരുടെ രാപ്പകൽ സമരയാത്ര ഇന്നു മുതൽ

03 സൈനികർക്ക് പൂർണ പിന്തുണ, ചുട്ട മറുപടി നൽകും: രാജ്നാഥ് സിംഗ്

04 പുതിയ കെപിസിസി അധ്യക്ഷനെ ഇന്നോ ചൊവ്വാഴ്ചയോ പ്രഖ്യാപിച്ചേക്കും

# കെഎസ്ആർടിസി ജീവനക്കാർക്കായി ഇൻഷുറൻസ് പാക്കേജ്



കെഎസ്ആർടിസി ജീവനക്കാർക്കായി ഇൻഷുറൻസ് പാക്കേജ് നടപ്പാക്കുകയാണെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതി ജൂൺ 4 മുതൽ പ്രാബല്യത്തിൽ വരും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് പദ്ധതി. പദ്ധതിയുടെ കരാർ കെഎസ്ആർടിസിയും എസ്ബിഐയും ഒപ്പിട്ടു. അക്കൗണ്ട് തല ഇൻഷുറൻസ് പരിരക്ഷയ്ക്ക് പ്രീമിയം ജീവനക്കാർ അടയ്ക്കേണ്ടതില്ല. 22095 സ്ഥിരം ജീവനക്കാർക്ക് പദ്ധതിയുടെ ഗുണം ലഭിക്കും. കെഎസ്ആർടിസിയുടെ എല്ലാ അക്കൗണ്ടുകളും എസ്ബിഐയിലേക്ക് മാറ്റിയതിന്റെ ഭാഗമായിട്ടാണ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുന്നതെന്നു മന്ത്രി പറഞ്ഞു.

വ്യക്തിഗത അപകടത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് 1 കോടി രൂപ ലഭിക്കും. എയർ ആക്സിഡന്റിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് 1 കോടി അറുപത് ലക്ഷം രൂപ ലഭിക്കും. അപകടത്തിൽ സ്ഥിരമായ പൂർണ്ണ വൈകല്യം സംഭവിച്ചാൽ 1 കോടി രൂപ വരെ ലഭിക്കും. സ്ഥിരമായ ഭാഗിക വൈകല്യത്തിന് 80 ലക്ഷം രൂപ വരെയും ലഭിക്കും. ഇരുപത്തിഅയ്യായിരം രൂപയ്ക്ക് മുകളിൽ ശമ്പളം ഉള്ള ജീവനക്കാരുടെ സാധാരണ മരണത്തിനു കുടുംബത്തിന് സഹായമായി 6 ലക്ഷം രൂപ ലഭിക്കും. അപകട മരണം സംഭവിച്ചവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായമായി 10 ലക്ഷം രൂപ വരെ ലഭിക്കും, പെൺകുട്ടികളുടെ വിവാഹത്തിന് ഒരു കുട്ടിയ്ക്ക് 5 ലക്ഷം രൂപ എന്ന രീതിയിൽ പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കും. അപകട ചികിത്സയ്ക്കുള്ള ചെലവിനും മരുന്നുകൾ ഇറക്കുമതി ചെയ്യുന്നതിനും ഇൻഷുറൻസ് പദ്ധതിയിലൂടെ സഹായം ലഭിക്കും. പദ്ധതിയുടെ ഭാഗമായി ജീവനക്കാരുടെ താല്പര്യപ്രകാരം 2 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ ചികിത്സാ ചെലവ് ലഭിക്കുന്ന മെഡിക്കൽ ഇൻഷുറൻസിലേക്ക് വാർഷിക പ്രീമിയം നൽകി ചേരാനും അവസരമുണ്ട്. 75 വയസ്സ് വരെ ഇത് പുതുക്കാം. ജീവനക്കാർക്ക് വളരെ ആശ്വാസകരമായ പദ്ധതിയാണിതെന്നു മന്ത്രി പറഞ്ഞു.

കെഎസ്ആർടിസിയിൽ കഴിഞ്ഞ ഒന്നര വർഷത്തിൽ 56 പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. മുഴുവൻ ജീവനക്കാർക്കും ക്യാൻസർ പരിശാധന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കടുത്ത ജോലികൾ ചെയ്യാൻ കഴിയാത്ത രീതിയിൽ ആരോഗ്യപ്രശ്നമുള്ള ജീവനക്കാരെ മെഡിക്കൽ ബോർഡിന്റെ കൂടി നിർദ്ദേശപ്രകാരം കാറ്റഗറി മാറ്റം നൽകി ഓഫീസ് ഡ്യൂട്ടിയിലേക്ക് മാറ്റി വിന്യസിക്കും. ഈ മാസം 22 ന് ശേഷം പൂർണ്ണമായും കംപ്യൂട്ടറൈസേഷനിലേക്ക് കെ എസ് ആർ ടി സി മാറും. ഇ ഫയലിംഗ് പൂർണ്ണമായി നടപ്പിലാക്കും. ടിക്കറ്റ് ഉൾപ്പടെയുള്ളവയ്ക്ക് യുപിഐ, കാർഡ് പെയ്മെന്റുകൾ സാധ്യമാകും. വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റിനായി സ്മാർട്ട് കർഡുകൾ ലഭ്യമാക്കും. ജൂണിൽ ഇവ നൽകാനാകും. അടുത്ത ഒരു മാസത്തിനുള്ളിൽ എല്ലാ ഡിപ്പോകളിലും സ്പെയർ പാർട്സുകളുടെ ലഭ്യത ഉറപ്പാക്കും. മെക്കാനിക്കൽ വിഭാഗങ്ങളുടെ കൃത്യമായ പ്രവർത്തനങ്ങളുടെ ഫലമായി 487 വണ്ടി മാത്രമാണ് നിലവിൽ പ്രവർത്തനരഹിതമായി വർക്ക്ഷോപ്പുകളിൽ ഉള്ളത്. ഇരുപത് ഡിപ്പോകളിൽ വർക്ക്ഷോപ്പിലുള്ള വണ്ടികൾ അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണ്. എല്ലാ ഡിപ്പോകളിലും ബസ്സുകളിലും നിരീക്ഷണ ക്യാമറ സജ്ജീകരണം ഉറപ്പാക്കും. ക്യാമറകളുടെ നിരീക്ഷണത്തിനു കേന്ദ്രീകൃത സംവിധാനവും സജ്ജമാക്കുമെന്നു മന്ത്രി പറഞ്ഞു.

ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ ബോർഡ് സ്ഥാപിച്ച് ബസിന്റെ ലൊക്കേഷൻ ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കും. മൊബൈൽ അപ് വഴി ലൈവ് ട്രാക്കിങ്ങും ടിക്കറ്റ് ബുക്കിങ്ങും നടപ്പിലാക്കും. കെ എസ് ആർ ടി സിയുമായി ബന്ധപ്പെട്ട നിലവിലുള്ള ആപ്പുകൾ തയ്യാറാക്കിയ വ്യക്തികളും സ്ഥാപനങ്ങളും കെ എസ് ആർ ടി സിയുമായി ബന്ധപ്പെടണമെന്നും അത്തരം ആപ്പുകളുടെ ഉപയോഗ സഹകരണ സാദ്ധ്യതകൾ പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു.



പൂര വിളംബരത്തോടനുബന്ധിച്ച് തെക്കേഗോപുര നട തുറന്ന് ഗജവീരൻ

## തിരിച്ചടിക്ക് സൈന്യം തയാർ, പ്രതിരോധ സെക്രട്ടറിയുമായി നിർണായക കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി

ന്യൂഡൽഹി: അതിർത്തിയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പ്രതിരോധ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗുമായി മോദി കൂടിക്കാഴ്ച നടത്തിയെന്ന് എഎൻഐ റിപ്പോർട്ട് ചെയ്തു. കൂടിക്കാഴ്ചയിൽ നിർണായക തീരുമാനങ്ങളുണ്ടാകുമെന്നാണ് സൂചന.

പാക്കിസ്ഥാനു കനത്ത തിരിച്ചടി നൽകാൻ വ്യോമ, നാവികസേനകൾ തയാറെടുക്കുന്നുവെന്ന റിപ്പോർട്ടുകൾക്കിടെയാണ് കൂടിക്കാഴ്ച. പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ നിയന്ത്രണരേഖയിൽ തുടർച്ചയായി പാക് പ്രകോപനമുണ്ടാകുന്ന സാഹചര്യത്തിൽ പ്രധാനമന്ത്രി കഴിഞ്ഞ ദിവസം പ്രതിരോധമന്ത്രി രാജ്നാഥ് സിംഗുമായും വിവിധ സേനാവിഭാഗങ്ങളുടെ തലവന്മാരുമായും കൂടിക്കാഴ്ച നടത്തിയിരുന്നു.

കഴിഞ്ഞദിവസം വ്യോമസേനാ മേധാവി എയർ മാർഷൽ എ. പി. സിംഗും നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠിയും പ്രധാനമന്ത്രിയെ വെവ്വേറെ കണ്ടിരുന്നു. ഈ കൂടിക്കാഴ്ചകളിൽ പാക്കിസ്ഥാനെതിരായ സൈനിക നടപടികൾക്ക് സേനാവിഭാഗങ്ങൾ സജ്ജമാണെന്ന് സേനാ മേധാവികൾ പ്രധാനമന്ത്രിയെ ധരിപ്പിച്ചിരുന്നു.

## വീണ്ടും പേവിഷ മരണം; തിരുവനന്തപുരത്ത് ഏഴുവയസുകാരി മരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും പേവിഷ ബാധയേറ്റ് മരണം. തിരുവനന്തപുരം എസ്ഐടി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഏഴ് വയസുകാരി പത്തനാപുരം കുന്നിക്കോട് കിണറ്റിൻകര ജാസ്മിൻ മൻസിലിൽ നിയാ ഫൈസലാണ് മരിച്ചത്.

വെൻറിലേറ്ററിന്റെ സഹായത്താൽ ചികിത്സയിലായിരുന്നു കുട്ടി. ഇതോടെ സംസ്ഥാനത്ത് പേ വിഷബാധയേറ്റ് മരിച്ച കുട്ടികളുടെ എണ്ണം മൂന്നായി.

ഏപ്രിൽ എട്ടിനാണ് നിയയ്ക്ക് നായയുടെ കടിയേറ്റത്. വിളക്കുടി കുടുംബാരോഗ്യ കേന്ദ്രത്തിലും പുനലൂർ താലൂക്ക് ആശുപത്രിയിലും എത്തിച്ച് വാക്സീൻ എടുത്ത കുട്ടിക്ക് തുടർന്നു രണ്ടാമത്തെയും മൂന്നാമത്തെയും ഡോസുകളും എടുത്തിരുന്നു. 29ന് പനി ബാധിച്ച് ആദ്യം താലൂക്ക് ആശുപത്രിയിലും പിന്നീട് എസ്എടിയിലേക്കും കൊണ്ടു വരികയായിരുന്നു. ഞരമ്പിൽ കടിയേറ്റ്, പേവിഷം രക്തത്തിലൂടെ തലച്ചോറിനെ ബാധിച്ചെന്നാണ് ആശുപത്രി അധികൃതർ പറഞ്ഞത്. സംഭവത്തിൽ പബ്ലിക് ഹെൽത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. നേരത്തെ, ഏപ്രിൽ ഒൻപതിനു പത്തനംതിട്ട പുല്ലാട് സ്വദേശി ഭാഗ്യലക്ഷ്മിയും (13), ഏപ്രിൽ 29നു മലപ്പുറം തേഞ്ഞിപ്പലം സ്വദേശി സിയ ഫാരിസും (ആറ്) പേ വിഷബാധയേറ്റ് മരിച്ചിരുന്നു.

## വഖഫ് ഹർജികൾ പുതിയ ബെഞ്ചിലേക്ക്

ന്യൂഡൽഹി: വഖഫ് നിയമഭേദഗതിയുടെ ഭരണഘടനാ സാധുത ചോദ്യംചെയ്തു സമർപ്പിച്ചിരിക്കുന്ന ഒരുകൂട്ടം ഹർജികൾ പുതിയ ബെഞ്ചിലേക്ക്. ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ചാണ് ഹർജികൾ പുതിയ ബെഞ്ചിലേക്ക് മാറ്റിയത്.

ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന മേയ് 14ന് വിരമിക്കുന്ന പശ്ചാത്തലത്തിലാണ് ഹർജി പുതിയ ബെഞ്ചിലേക്ക് മാറ്റുന്നത്. വഖഫ് ഹർജികളിൽ താൻ വാദം കേൾക്കുന്നില്ലെന്ന് ചീഫ് ജസ്റ്റീസ് ഇന്ന് കക്ഷികളെ അറിയിക്കുകയായിരുന്നു. ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന, ജസ്റ്റീസ് സഞ്ജയ് കുമാർ, ജസ്റ്റീസ് കെ. വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ചാണ് ഹർജികളിൽ വാദം കേട്ടത്. താൻ വിരമിക്കുന്ന സാഹചര്യത്തിൽ വഖഫ് ഹർജികളിൽ വാദം കേട്ട് ഒരു വിധി പ്രസ്താവിക്കുന്നത് ഉചിതമായിരിക്കില്ലെന്നാണ് ചീഫ് ജസ്റ്റീസ് പറയുന്നത്.

വഖഫ് വിശദമായി വാദം കേൾക്കേണ്ട കേസാണ്. കേസിൽ വാദം കേട്ടശേഷം ഉത്തരവ് പറയാൻ മാറ്റിവച്ചുകൊണ്ട് താൻ സ്ഥാനം ഒഴിയാൻ ആഗ്രഹിക്കുന്നില്ലെന്നും ചീഫ് ജസ്റ്റീസ് പറഞ്ഞു.

## കൊല്ലത്ത് വള്ളം മറിഞ്ഞ് യുവാവ് മരിച്ചു

കൊല്ലം: മൈലക്കാട് വള്ളം മറിഞ്ഞ് യുവാവ് മരിച്ചു. തഴുത്തല സ്വദേശി സാജനാണ് ( 34) മരിച്ചത്. ഇയാൾക്കൊപ്പം വള്ളത്തിലുണ്ടായിരുന്ന ബാബു, ഷിബു എന്നിവർ നീന്തി രക്ഷപ്പെട്ടു. ഇത്തിക്കര ആറിന്റെ കൈവരികളിലൊന്നായ മൈലക്കാട് ആലുംകടവ് ഭാഗത്താണ് അപകടം നടന്നത്.തെങ്ങുകളിൽ നിന്ന് വെള്ളത്തിൽ വീഴുന്ന ഓലയും മടലും ശേഖരിക്കാനാണ് മൂന്നു പേരും കൊതുമ്പു വള്ളത്തിൽ യാത്ര ചെയ്തത്.

ഭാരം താങ്ങാനാകാതെ വള്ളം മറിയുകയായിരുന്നു. അഗ്നി രക്ഷാസേനയുടെ സ്കൂബാ സംഘം എത്തിയാണ് സാജന്റെ മൃതദേഹം കണ്ടെത്തിയത്.

## സംഘർഷ സാധ്യത; സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി കേന്ദ്രം

ന്യൂഡൽഹി: ഇന്ത്യ പാക്കിസ്ഥാൻ സംഘർഷ സാധ്യതയുടെ പശ്ചാത്തലത്തിൽ വിവിധ സ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി കേന്ദ്ര സർക്കാർ. അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ പൊതുജനങ്ങൾക്ക് പരിശീലനം നൽകാനും സംസ്ഥാനങ്ങളിൽ മോക് ഡ്രില്ലുകൾ നടത്താനുമാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദേശം നൽകിയിരിക്കുന്നത്.

മേയ് ഏഴാം തീയ്യതി വിവിധ സംസ്ഥാനങ്ങളിൽ മോക് ഡ്രില്ലുകൾ നടത്താനും നിർദേശമുണ്ട്. വ്യോമാക്രമണ മുന്നറിയിപ്പ് സൈറണുകൾ സ്ഥാപിക്കാനാണ് പ്രധാന നിർദേശം. ആക്രമണമുണ്ടാകുന്ന പക്ഷം സ്വയരക്ഷ ഉറപ്പുവരുത്താനായി പൊതുജനങ്ങളും വിദ്യാർത്ഥികളും ഉൾപ്പെടെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് അവർക്ക് പരിശീലനം നൽകണം. എന്തെങ്കിലും തരത്തിലുള്ള അടിയന്തിര സാഹചര്യങ്ങൾ ഉണ്ടായാൽ അപ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പരിശീലനം നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാന കെട്ടിടങ്ങളുടെയും പ്ലാൻറുകളുടെയും സംരക്ഷണത്തിനായി സ്വീകരിക്കേണ്ട നടപടികളും തയ്യാറാക്കണമെന്നാണ് ആഭ്യന്തര മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിരിക്കുന്നത്. അടിയന്തര സാഹചര്യങ്ങളിൽ ആളുകളെ ഒഴിപ്പിക്കാനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ നവീകരിക്കുകയും അതിന്മേൽ പൊതുജനങ്ങൾക്ക് പ്രായോഗിക പരിശീലനം ഉൾപ്പെടെ നൽകാനും നിർദേശത്തിൽ പറയുന്നു.

## എല്ലാ ലഹരി വിമുക്ത കേന്ദ്രങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധം

സാമൂഹികാധിഷ്ഠിത ലഹരി വിമുക്ത സേവനങ്ങൾ ശക്തിപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികളെ പരിചരിക്കാൻ പ്രത്യേക സംവിധാനം വേണം. കുട്ടികളെ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കാൻ സ്നേഹപൂർണമായ പരിചരണം ഒരുക്കണം. സ്ത്രീകൾക്കും പ്രത്യേകം പരിചരണമൊരുക്കണം. മതിയായ വിദഗ്ധ പരിശീലനം ലഭ്യമാക്കണമെന്നും മന്ത്രി നിർദേശം നൽകി. ഡിഅഡിക്ഷൻ സെന്ററുകളുടെ അവലോകന യോഗത്തിലാണ് മന്ത്രി നർദേശം നൽകിയത്. എല്ലാ ഡിഅഡിക്ഷൻ സെന്ററുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാണ്. എല്ലാ കേന്ദ്രങ്ങളിലും അംഗീകൃത യോഗ്യതയുള്ളവരെ മാത്രം ചികിത്സയ്ക്കായി നിയോഗിക്കണം. പരിശീലനം സിദ്ധിച്ചവരാകണം ഡിഅഡിക്ഷൺ സെന്ററുകളിൽ പ്രവർത്തിക്കേണ്ടത്. 15 ദിവസത്തിനകം ഒരു കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് നൽകും. കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് എസ്.ഒ.പി. പുറത്തിറക്കും. ഇത് കൂടാതെ ഓരോ സ്ഥാപനത്തിനും പ്രത്യേക പ്ലാൻ ഉണ്ടായിരിക്കണം. പൊതുജനങ്ങൾക്ക് ലഭ്യമാക്കാനായി സംസ്ഥാനത്തെ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ ഡിഅഡിക്ഷൻ സെന്ററുകളുടെ ഡയറക്ടറി തയ്യാറാക്കും. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ 306 മാനസികാരോഗ്യ ക്ലിനിക്കുകളിൽ ലഹരി വിമോചന ചികിത്സ ലഭ്യമാണ്. ഇതിന് പുറമെ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലെ സൈക്യാട്രി യൂണിറ്റുകളുടെ ഭാഗമായി ലഹരി വിമോചന ചികിത്സ ലഭ്യമാണ്. ഇത് കൂടാതെ 15 വിമുക്തി ലഹരി വിമോചന കേന്ദ്രങ്ങളും, പ്രധാന മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഡിഅഡിക്ഷൻ സെന്ററുകളുമുണ്ട്. പ്രാഥമികാരോഗ്യ തലത്തിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും കാലോചിതമായ ശാസ്ത്രീയ പരിശീലനം നൽകും.



# ടെക്നോപാർക്കിലെ ആദ്യ പ്രീഫാബ്രിക്കേഷൻ കെട്ടിടത്തിന് തറക്കല്ലിട്ടു, 50,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം ഒമ്പത് മാസത്തിനുള്ളിൽ പൂർത്തിയാകും



ടെക്നോപാർക്ക് ഫേസ്-1 കാമ്പസിലെ പമ്പ-പെരിയാർ കെട്ടിടങ്ങൾക്ക് സമീപം നിർമ്മിക്കുന്ന പ്രീഫാബ്രിക്കേറ്റഡ് കെട്ടിടത്തിന് തറക്കല്ലിട്ട ശേഷം ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ ടെക്നോപാർക്ക് ഉദ്യോഗസ്ഥർ, വൂട്ട്സ് സ്ട്രക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധികൾ എന്നിവർക്കൊപ്പം.

തിരുവനന്തപുരം: ഇന്ത്യയിലെ ആദ്യ ഐടി പാർക്കായ ടെക്നോപാർക്കിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ടെക്നോപാർക്ക് ഫേസ്-1 ൽ ആദ്യ പ്രീഫാബ്രിക്കേറ്റഡ് ഓഫീസ് കെട്ടിടം വരുന്നു. ടെക്നോപാർക്കിലെ ഐടി, ഐടി ഇതര സംരംഭങ്ങളുടെ വർധിച്ചു വരുന്ന സ്ഥലആവശ്യകത ഉറപ്പു വരുത്താൻ ഇതിലൂടെ സാധിക്കും.

ഫേസ്-1 കാമ്പസിലെ പമ്പ-പെരിയാർ കെട്ടിടങ്ങൾക്ക് സമീപം നിർമ്മിക്കുന്ന പ്രീഫാബ്രിക്കേറ്റഡ് കെട്ടിടത്തിന് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ തറക്കല്ലിട്ടു. ടെക്നോപാർക്ക് ജനറൽ മാനേജർ (പ്രൊജക്ട്സ്) മാധവൻ പ്രവീൺ, ടെക്നോപാർക്ക് ഡിജിഎം (മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ്) വസന്ത് വരദ, ഐ ടി പാർക്കുകളുടെ ചീഫ് ഫിനാൻസ് ഓഫീസർ (സിഎഫ്ഒ) വിപിൻ കുമാർ എസ്., ടെക്നോപാർക്ക് എജിഎം (അഡ്മിൻ & ഐ ആർ) അഭിലാഷ് ഡി. എസ്. വൂട്ട്സ് സ്ട്രക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.വിവിധ സ്ഥലങ്ങളിൽ പണികഴിപ്പിച്ച കെട്ടിട നിർമ്മാണഘടകങ്ങൾ നിർമ്മാണ സ്ഥലത്തേക്ക് കൊണ്ടുപോയി ഒരുമിച്ച് ചേർത്ത് കെട്ടിടം നിർമ്മിക്കുന്നതാണ് പ്രീഫാബ്രിക്കേഷൻ രീതി. മൂന്ന് നിലകളിലായി പണിയുന്ന 50,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൻറെ ഘടനാപരവും വാസ്തുവിദ്യാപരവുമായ രൂപകല്പനയ്ക്ക് പാലക്കാട് ഐഐടി അംഗീകാരം നൽകി. മണ്ണ്, നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് ഘടകങ്ങൾ എന്നിവയുടെ പരിശോധന കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തിൻറെ (സിഇടി) നേതൃത്വത്തിലാണ്. ടെക്നോപാർക്കിൽ നിന്നുള്ള ആദ്യത്തെ ഇൻ-ഹൗസ് പ്രീഫാബ്രിക്കേറ്റഡ് പ്രോജക്റ്റ് കൂടിയാണിത്.

അത്യാധുനികവും പരിസ്ഥിതി സൗഹൃദപരവുമായ പുതിയ ഓഫീസ് കെട്ടിടം ഒമ്പത് മാസത്തിനുള്ളിൽ പൂർത്തിയാകും. ഓപ്പൺ ഡൈനിംഗ്, വിനോദ സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ കെട്ടിടത്തിൻറെ ഭാഗമാണ്. ഇത് ഒഴികെയുള്ള കെട്ടിടത്തിൻറെ 80 ശതമാനം സ്ഥലവും ഐടി ഓഫീസുകൾക്ക് ഉപയോഗിക്കാനാകും. കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിൻറെ (കെഎംബിആർ) നിബന്ധനകൾ പാലിച്ചാണ് ഇതിൻറെ രൂപകല്പന.

ഓരോ നിലകൾക്കും നാല് മീറ്റർ ഉയരമുണ്ട്. ഓരോ നിലയിലും കമ്പനികൾക്ക് 4/5 മൊഡ്യൂളുകൾ ആസൂത്രണം ചെയ്യാൻ കഴിയും. സൂര്യപ്രകാശം ലഭിക്കുന്ന വിധത്തിൽ നിർമ്മിക്കുന്ന കെട്ടിടത്തിൽ മികച്ച വായുസഞ്ചാരം, ഹീറ്റിംഗ്-വെൻറിലേഷൻ-എയർകണ്ടീഷൻ (എച്ച് വിഎസി) സൗകര്യം, നൂറു ശതമാനം ഡീസൽ ജനറേറ്റർ ബാക്അപ്പ് എന്നിവയും ലഭ്യമാണ്. ഓഫീസ് സ്ഥലം, മീറ്റിംഗ് റൂമുകൾ, കോൺഫറൻസ് ഹാളുകൾ, പാൻട്രി ഏരിയ, വിശ്രമമുറി, വിനോദ സ്ഥലം, സ്വീകരണ മുറി, സർവീസ് റൂമുകൾ എന്നിവയാണ് കെട്ടിടത്തിലെ മറ്റ് സൗകര്യങ്ങൾ.

കൊച്ചി ആസ്ഥാനമായുള്ള വൂട്ട്സ് സ്ട്രക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനാണ് കെട്ടിടത്തിൻറെ നിർമ്മാണ ച്ചുമതല.

അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിൻറെ ഭാഗമായി കഴിഞ്ഞ ശനിയാഴ്ച ടെക്നോപാർക്ക് ഫേസ് 5 (കൊല്ലം) കാമ്പസിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് കേണൽ (റിട്ട) സഞ്ജീവ് നായർ തറക്കല്ലിട്ടിരുന്നു. ഇന്ത്യയിലെ തന്നെ ആദ്യത്തെ കായൽ തീര ഐടി പാർക്കാണ് കുണ്ടറയിൽ അഷ്ടമുടി കായലിൻറെ തീരത്ത് സ്ഥിതി ചെയ്യുന്ന ടെക്നോപാർക്ക് ഫെയ്സ് 5 (കൊല്ലം). ടെക്നോപാർക്ക് ഉദ്യോഗസ്ഥർ, തിരുവനന്തപുരത്തെ എം/എസ് റോഹാസ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധികൾ, ടെക്നോപാർക്ക് ജനറൽ മാനേജർ (പ്രൊജക്ട്സ്) മാധവൻ പ്രവീൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ദീർഘകാല ഈടുള്ളതും സൗകര്യപ്രദവും പ്രവർത്തനക്ഷമവും ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ ഡിസൈൻ വിമൻസ് ഹോസ്റ്റലിൻറെ പ്രത്യേകതയാണ്. കൊല്ലം കാമ്പസിൽ ജോലി ചെയ്യുന്ന വനിതാ പ്രൊഫഷണലുകൾക്ക് സുരക്ഷിതവും സൗകര്യപ്രദവും സുഖപ്രദവുമായ താമസസൗകര്യം വാഗ്ദാനം ചെയ്യുന്ന ഹോസ്റ്റലിൽ ആറ് മുറികളുണ്ട്.

ടെക്നോപാർക്ക് കൊല്ലം കാമ്പസിൽ സ്പോർട്സ് ഗ്രൗണ്ടും ഓപ്പൺ എയർ തിയേറ്ററും വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പരിഗണനയിലാണ്.

## വെള്ളിയാഴ്ച വരെ മഴ കനക്കും; ഒപ്പം ഇടിമിന്നലും കാറ്റും, വിവിധ ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഇന്നും വെള്ളിയാഴ്ചയും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചൊവ്വ, ബുധൻ വ്യാഴം ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. ബുധനാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും വ്യാഴാഴ്ച പത്തനംതിട്ട, ഇടുക്കി ജില്ലയിലും വെള്ളിയാഴ്ച ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## നീറ്റല്ല; വ്യാജ ഹാൾടിക്കറ്റുമായി എത്തിയ വിദ്യാർഥിക്കെതിരെ കേസെടുത്ത് പോലീസ്

തിരുവനന്തപുരം: പത്തനംതിട്ടയിൽ വ്യാജ ഹാൾടിക്കറ്റുമായി നീറ്റ് പരീക്ഷയ്ക്ക് എത്തിയ വിദ്യാർഥിക്കെതിരെ കേസെടുത്ത് പോലീസ്. പരീക്ഷ നടത്തിപ്പ് ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥന്റെ പരാതിയിലാണ് തിരുവനന്തപുരം പാറശാല സ്വദേശിയായ ഇരുപതുകാരനെതിരെ കേസെടുത്തത്. അക്ഷയ സെൻറർ ജീവനക്കാരിയാണ് കൃത്രിമം കാട്ടിയതെന്ന വിദ്യാർഥിയുടെ മൊഴി പോലീസ് പരിശോധിക്കും. കേസിലെ ദുരൂഹത നീക്കാൻ ജീവനക്കാരിയെ വിശദമായി ചോദ്യം ചെയ്യും. വിദ്യാർഥി ഒരു മണിക്കൂറോളം പരീക്ഷ എഴുതിയശേഷമാണ് ഇതേ നമ്പറിൽ മറ്റൊരു വിദ്യാർഥി തിരുവനന്തപുരത്ത് പരീക്ഷ എഴുതുന്നതായി കണ്ടെത്തിയത്. തുടർന്ന് പോലീസിനെ വിവരം അറിയിക്കുകയായിരുന്നു. വിദ്യാർഥിയുടെ മാതാവ് നെയ്യാറ്റിൻകരയിലെ അക്ഷയ സെൻററിലെത്തുകയും പരീക്ഷയുടെ അപേക്ഷ സമർപ്പിക്കാൻ ജീവനക്കാരിയെ ചുമതലപ്പെടുത്തുകയും പണം നൽകുകയും ചെയ്തുവെന്ന് പോലീസ് പറയുന്നു. പിന്നീട് അക്ഷയ സെൻറർ ജീവനക്കാരി കുട്ടിയുടെ അമ്മയുടെ ഫോണിലേക്കാണ് ഹാൾടിക്കറ്റ് അയച്ചുകൊടുത്തതെന്നാണ് മൊഴി. തൈക്കാവ് വിഎച്ച്എസ്എസ് പരീക്ഷാ സെൻററിലാണ് വിദ്യാർഥി വ്യാജ ഹാൾടിക്കറ്റുമായി എത്തിയത്. തിരുവനന്തപുരം സ്വദേശിയായ മറ്റൊരു വിദ്യാർഥിയുടെ പേരിലാണ് വ്യാജ ഹാൾ ടിക്കറ്റ് ചമച്ചതെന്നാണ് പ്രാഥമിക നിഗമനം.

## മേയ് മാസത്തിലെ ആദ്യവർധന; അഞ്ചുദിവസത്തിനു ശേഷം സ്വർണവില വീണ്ടും മുകളിലേക്ക്

കൊച്ചി: സംസ്ഥാനത്ത് അഞ്ച് ദിവസങ്ങൾക്ക് ശേഷം ആദ്യമായി സ്വർണവില മുകളിലേക്ക്. പവന് 160 രൂപയും ഗ്രാമിന് 20 രൂപയുമാണ് കൂടിയത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 70, 200 രൂപയിലും ഗ്രാമിന് 8,775 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 15 രൂപ വർധിച്ച് 7,200 രൂപയിലെത്തി. മേയ് മാസത്തെതന്നെ ആദ്യവർധനയാണ് ഇന്നുണ്ടായത്. ഈ മാസത്തിന്റെ തുടക്കത്തിൽ പവന് 1,640 രൂപ കുറഞ്ഞ് 70, 200 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. രണ്ടിന് 80 രൂപ കുറഞ്ഞു. പിന്നീട് രണ്ടുദിവസം മാറ്റമില്ലാതെ തുടർന്നു. ഈമാസം ഇതുവരെ 1,720 രൂപയാണ് പവന് കുറഞ്ഞത്. സ്വർണവില 70, 000 ത്തിന് താഴേക്ക് എത്തുമോയെന്നുള്ള പ്രതീക്ഷകൾക്കിടെയാണ് വീണ്ടും മുകളിലേക്ക് ഉയർന്നത്.

ഏപ്രിൽ 22ന് ഗ്രാമിന് 275 രൂപയും പവന് 2,200 രൂപയും ഒറ്റയടിക്ക് ഉയർന്ന സ്വർണവില ഗ്രാമിന് 9,290 രൂപയും പവന് 74,320 രൂപയുമെന്ന പുത്തൻ ഉയരത്തിലെത്തിയിരുന്നു. സ്വർണവില 75,000 കടന്നും കുതിക്കുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിൽ 23ന് അതേപടി 2,200 രൂപ കുത്തനെ ഇടിയുകയാണുണ്ടായത്.

ജനുവരി 22-നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തരവില ഔൺസിന് 14 ഡോളർ ഉയർന്ന് ഇന്ന് 3,255 രൂപയിലെത്തി.അതേസമയം വെള്ളി വിലയിൽ മാറ്റമില്ല. ഗ്രാമിന് 106 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## രാഷ്ട്രപതി ശബരിമലയിലേക്ക്

കോട്ടയം: രാഷ്ട്രപതി ദ്രൗപതി മുർമു ശബരിമല ദർശനം നടത്തും. രണ്ടു ദിവസത്തെ സന്ദർശനത്തിനായി എത്തുന്ന രാഷ്ട്രപതി ദ്രൗപതി മുർമു മേയ് 19നാണ് ശബരിമല ദർശനം നടത്തുക.

രാഷ്ട്രപതിഭവനിൽനിന്ന് ഇതുസംബന്ധിച്ച അറിയിപ്പ് തിരുവിതാംകൂർ ദേവസ്വം വകുപ്പിന് നൽകി. 18 ന് പാലാ സെൻറ് തോമസ് കോളജിലെ ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കും. തുടർന്നായിരിക്കും 19ന് പമ്പയിലെത്തി ശബരിമലയിലേക്ക് പോവുകയെന്നാണ് വിവരം. ആദ്യമായിട്ടാണ് ഒരു രാഷ്ട്രപതി ശബരിമലയിലെത്തുന്നത്.

കോട്ടയം കുമരകത്തായിരിക്കും രാഷ്ട്രപതി തങ്ങുകയെന്നാണ് വിവരം. ഇടവ മാസ പൂജയ്ക്കായി ശബരിമല നട തുറക്കുമ്പോൾ രാഷ്ട്രപതി എത്തുമെന്ന് പോലീസിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനും നേരത്തെ അനൗദ്യോഗിക അറിയിപ്പ് ലഭിച്ചിരുന്നു. ഇതിലാണിപ്പോൾ ഔദ്യോഗിക അറിയിപ്പ് ലഭിച്ചിരിക്കുന്നത്.

രാഷ്ട്രപതിയുടെ സന്ദർശന ദിവസം വെർചൽ ക്യൂ ബുക്കിംഗിൽ ഉൾപ്പെടെ ദേവസ്വം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രപതിയെത്തുന്ന ദിവസം ശബരിമലയിൽ കടുത്ത നിയന്ത്രണങ്ങൾക്കും സാധ്യതയുണ്ട്.

## ബസിൽ യുവതിയുടെ നേരെ ലൈംഗീക അതിക്രമം; പ്രതി പിടിയിൽ

തൃശൂർ: ബസ് യാത്രയ്ക്കിടെ യുവതിയുടെ നേരെ ലൈംഗീക അതിക്രമം നടത്തിയ ആളെ പോലീസ് അറസ്റ്റ് ചെയ്തു. മാളപള്ളിപ്പുറം തേമാലിപറമ്പിൽ അനീഷ് (41) ആണ് പിടിയിലായത്. കഴിഞ്ഞ ദിവസം വൈകുന്നേരം കുന്നംകുളം - വെളിയങ്കോട് റൂട്ടിലെ സ്വകാര്യ ബസിൽ യാത്ര ചെയ്ത വെളിയങ്കോട് സ്വദേശിയായ യുവതിയെ ഇയാൾ കയറിപിടിക്കുകയായിരുന്നു. യുവതി പ്രതികരിച്ചപ്പോൾ ഇയാൾ ബസിൽ നിന്നു ഇറങ്ങി രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. തുടർന്ന് ബസ് ജീവനക്കാരും യാത്രക്കാരും ചേർന്ന് പിടിച്ച് പോലീസിൽ ഏൽപ്പിച്ചു. ഇയാളെ കോടതി റിമാൻഡ് ചെയ്തു.

## പുനലൂർ താലൂക്ക് ആശുപത്രിയിൽ കൂടുതൽ ഡോക്ക്ർമാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം: താലൂക്ക് വികസന സമിതി

പുനലൂർ : താലൂക്ക് ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ച് അത്യാഹിത വിഭാഗത്തിന്റെയും ഒപി വിഭാഗത്തിന്റെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്ന് താലൂക്ക് വികസന സമിതി യോഗത്തിൽ ആവശ്യം. തെന്മല ഡാമിന്റെ സംഭരണശേഷി കുറഞ്ഞിരിക്കുന്നതിനാൽ മണൽ നീക്കം ചെയ്തു തെക്കൻ ജില്ലകളിലെ നിർമാണ മേഖലയ്ക്കായി ഉപയോഗിക്കണമെന്നും ഒപ്പം എക്കലും ചെളിയും നീക്കംചെയ്യണമെന്ന ആവശ്യവും താലൂക്ക് വികസന സമിതി യോഗത്തിൽ ഉയർന്നു.

ശ്രീരാമവർമപുരം മാർക്കറ്റിൽ നിന്ന് ഒഴിപ്പിക്കുന്ന വ്യാപാരികളുടെ പുനരധിവാസം ഉറപ്പാക്കണമെന്നും യോഗത്തിൽ അംഗങ്ങൾ ആവശ്യപ്പെട്ടു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒട്ടനവധി വിഷയങ്ങൾ ചർച്ച ചെയ്യേണ്ട സമിതിയിൽ കൃഷിവകുപ്പിന്റെ പ്രതിനിധികൾ എത്താത്തതിനെപ്പറ്റി യോഗത്തിൽ ആക്ഷേപം ഉയർന്നു.

റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്നവർക്കു പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേ, വനം, റവന്യൂ വകുപ്പുകൾ സംയുക്തമായി നടത്തിയ സർവേയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് എൻ.കെ.പ്രേമചന്ദ്രൻ എംപിയുടെ പ്രതിനിധി എം.നാസർ ഖാൻ ആവശ്യപ്പെട്ടു.

ആര്യങ്കാവ് ശാസ്താ ക്ഷേത്രത്തിനു സമീപത്തുള്ള പോലീസ് ഔട്ട്പോസ്റ്റിൽ കൂടുതൽ പോലീസുകാരെ നിയമിച്ച് ദേശീയപാതയിലെ പരിശോധന കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പി.എസ്.സുപാൽ എംഎൽഎയുടെ പ്രതിനിധി ബി.അജയൻ ആവശ്യപ്പെട്ടു.

പുനലൂർ കെഎസ്ആർടിസി ഡിപ്പോ, തൂക്കുപാലം ഭാഗങ്ങളിൽ വർധിച്ചുവരുന്ന സാമൂഹ്യവിരുദ്ധ ശല്യം യോഗത്തിൽ ചർച്ചയായി. സാമൂഹ്യവിരുദ്ധ ശല്യം പരിശോധിക്കണമെന്നും ലഹരി വിരുദ്ധ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും പോലീസ്, എക്സൈസ് വകുപ്പുകൾ ജാഗ്രത പാലിക്കാനും സമിതി നിർദേശിച്ചു.

യോഗത്തിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എ.നൗഷാദ് അധ്യക്ഷത വഹിച്ചു.

## കാളിമല തീർഥാടന രഥയാത്രയ്ക്ക് തുടക്കം; ചിത്രാപൗർണമി പൊങ്കാല 12ന്

വെള്ളറട: അഗസ്ത്യാർ കൂടത്തിലെ കൂനിച്ചി, കൊണ്ടകെട്ടി മലനിരകളിലെ വരമ്പതി കാളിമല തീർഥാടനം നാളെ തുടങ്ങും. 12ന് ചിത്രാപൗർണമി പൊങ്കാല ആഘോഷിക്കും.

തീർഥാടനത്തിനു മുന്നോടിയായിട്ടുള്ള വിളംബര രഥയാത്ര വെള്ളറട താഴെക്കര ഭദ്രകാളി ദേവീക്ഷേത്രാങ്കണത്തിൽനിന്നു തുടങ്ങി. ചെങ്കൽ മഹേശ്വരം ശ്രീപാർവതി ക്ഷേത്രം മഠാധിപതി മഹേശ്വരാനന്ദ സരസ്വതി ഭദ്രദീപം തെളിയിച്ചു. ചെങ്കൽ രാജശേഖരൻ നായർ ഉദ്ഘാടനം നിർവഹിച്ചു.ഹിന്ദു ഐക്യവേദി ജില്ലാ പ്രസിഡൻറ് കസ്തൂരി അനിരുദ്ധൻ മുഖ്യപ്രഭാഷണം നടത്തി. കാളിമല ക്ഷേത്രം ട്രസ്റ്റ് പ്രസിഡൻറ് സി. രാജേന്ദ്രൻ, കേരള തമിഴ്നാട് സംയോജക് സുജിത് കുമാർ, എൻഎസ്എസ് താലൂക്ക് യൂണിയൻ അംഗം മാധവൻ നായർ, എസ്എൻഡിപി വെള്ളറട ശാഖാ സെക്രട്ടറി വിപിൻ കുമാർ, താഴെക്കര ക്ഷേത്രം പ്രസിഡൻറ് വി. വേണുഗോപാൽ,

പച്ചയം ശ്രീധർമശാസ്താ ക്ഷേത്രം പ്രസിഡൻറ് അനിൽകുമാർ, കാളിമല സേവാ സമിതി വെള്ളറട പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി പത്മകുമാർ, കാളിമല സേവാ സമിതി പ്രസിഡൻറ് വേലായുധൻ തമ്പി, പാക്കോട് ബിജു, വിദ്യാധരൻ, കാളിമല സേവാ സമിതി സെക്രട്ടറി കെ. പ്രഭാകരൻ എന്നിവർ പങ്കെടുത്തു.

ഇന്നു വൈകുന്നേരം കുന്നത്തുകാൽ ചിമ്മണ്ടി ശ്രീനീലകേശി ദേവീക്ഷേത്രാങ്കണത്തിൽ രഥയാത്ര സമാപിക്കും. തുടർന്നു നടക്കുന്ന കാളിമല തീർഥാടന ഉദ്ഘാടന സമ്മേളനത്തിനു സ്വാമി ചൈതന്യാനന്ദ ഭദ്രദീപം തെളിക്കും. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡൻറ് വിജി തമ്പി ഉദ്ഘാടനം ചെയ്യും. കാളിമല ട്രസ്റ്റ് പ്രസിഡൻറ് സി. രാജേന്ദ്രൻ അധ്യക്ഷത വഹിക്കും. കാളിമലയിൽ നാളെ രാവിലെ 8.30ന് 18 സിദ്ധർക്ക് സങ്കൽപ്പപൂജ, 12.30ന് നാഗരൂട്ട്.എട്ടിനു രാവിലെ ഏഴിന് മൃത്യുഞ്ജയഹോമം. ഒൻപതിന് രാവിലെ 8.30ന് ലക്ഷാർച്ചന, വൈകുന്നേരം നാലിന് ഭദ്രകാളി സഹസ്രനാമം. 10ന് രാവിലെ 8.30ന് ശനീശ്വര ഹോമം, 11ന് രാവിലെ 10ന് സുദർശനഹോമം, രാത്രി എട്ടിനു മലദേവതാ സംഗമഭൂമിയായ ശൂലംകുത്തിയിലും ഗുഹയിലും വിശേഷാൽ ചാറ്റുപാട്ട്.12നു രാവിലെ ഒൻപതിന് 48 സെറ്റിൽമെൻറിലെ മൂട്ടുകാണിമാർക്ക് പൂർണകുംഭം നൽകി സ്വീകരണം. 9.30ന് ചിത്രാപൗർണമി പൊങ്കാലയുടെ ഭാഗമായി പണ്ടാര അടുപ്പിൽ ഭദ്രദീം തെളിക്കൽ. 11ന് അന്നദാനം, 11.45ന് പൊങ്കാല നിവേദ്യം, രാത്രി 12ന് കാളിയൂട്ടോടെ സമാപിക്കും.

## ആശമാരുടെ രാപ്പകൽ സമരയാത്ര ഇന്നു മുതൽ

തിരുവനന്തപുരം: സമരം തുടരുന്ന സംസ്ഥാനത്തെ ആശാപ്രവർത്തകരുടെ രാപ്പകൽ സമരയാത്ര ഇന്നു രാവിലെ 10ന് കാസർഗോട്ടു നിന്ന് ആരംഭിക്കും. കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിവരുന്ന അനിശ്ചിതകാല രാപ്പകൽ സമരത്തിന്റെ അടുത്തഘട്ടമായാണ് 45 ദിവസം നീണ്ടു നിൽക്കുന്ന സമരയാത്ര സംഘടിപ്പിക്കുന്നത്.

ഇന്നു കാസർഗോഡ് ടൗണിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ നൂറുകണക്കിന് ആശാമാരും സാമൂഹ്യ സാംസ്കാരിക മേഖലയിലെ പ്രമുഖരും പങ്കെടുക്കും. സമരയാത്രയുടെ കൂടെ കലാസംഘവും അണിചേരും. ഇന്നു ബദിയടുക്ക, കുറ്റിങ്ങൽ എന്നിവിടങ്ങളിൽ നിന്ന് സ്വീകരണം ഏറ്റുവാങ്ങി വൈകുന്നേരം അഞ്ചിന് കാഞ്ഞങ്ങാട് സമാപിക്കും. ചൊവ്വാഴ്ച സമരയാത്ര 9.30ന് പരപ്പയിൽ നിന്നാരംഭിച്ച് തൃക്കരിപ്പൂരിൽ സമാപിക്കും.

## മീനച്ചിലാറ്റിൽ കാണാതായ വിദ്യാർഥികളിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി

കോട്ടയം: ഭരണങ്ങാനത്ത് മീനച്ചിലാറ്റിൽ കുളിക്കാനിറങ്ങി കാണാതായ രണ്ട് വിദ്യാർഥികളിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി.

മുണ്ടക്കയം സ്വദേശി ആൽബിൻ ജോസഫിന്റെ (21) മൃതദേഹമാണ് കിട്ടിയത്. നാട്ടുകാരും ഫയർഫോഴ്സും ചേർന്നു നടത്തിയ തെരച്ചിലിൽ ആണ് മൃതദേഹം കണ്ടെത്തിയത്. അടിമാലി കരിങ്കുളം കൈപ്പൻപ്ലാക്കൽ ജോമോൻ ജോസഫിന്റെ മകൻ അമൽ കെ. ജോമോനായി(19) തെരച്ചിൽ തുടരുകയാണ്. ശനിയാഴ്ച വൈകുന്നേരം നാലോടെയാണ് സംഭവം. ഇരുവരും ഭരണങ്ങാനത്തെ ജർമ്മൻ ഭാഷാ പരിശീലന സ്ഥാപനത്തിലെ വിദ്യാർഥികളാണ്. പഠിക്കുന്ന സ്ഥാപനത്തിനു സമീപം വാടകയ്ക്ക് താമസിക്കുകയായിരുന്ന ഇവർ ഇടയ്ക്ക് കടവിൽ കുളിക്കാനിറങ്ങുമായിരുന്നു. വിലങ്ങുപാറ പാലത്തിനടിയിലെ കുളിക്കടവിലാണ് കുളിക്കാനിറങ്ങിയത്. കഴിഞ്ഞ ദിവസം പെയ്ത മഴയിൽ മീനച്ചിലാറ്റിൽ ഒഴുക്ക് ശക്തിപ്പെട്ടിരുന്നു. മൂന്നു വിദ്യാർഥികളാണ് ഒഴുക്കിൽപ്പെട്ടത്. ഇതിൽ ഡെവിൻ എന്ന വിദ്യാർഥി രക്ഷപ്പെട്ടു.

# ഐപിഎൽ; സെഞ്ചുറിക്കരികെ പരാഗ് വീണു, രാജസ്ഥാനെ ഒരു റണ്ണിന് വീഴ്ത്തി കോൽക്കത്ത

കോൽക്കത്ത: ഐപിഎല്ലിൽ രാജസ്ഥാൻ റോയൽസിനെതിരെ കോൽക്കത്ത നൈറ്റ് റൈഡേഴ്സിന് തകർപ്പൻ ജയം. ഒരു റണ്ണിന്റെ ജയമാണ് കോൽക്കത്ത സ്വന്തമാക്കിയത്.

ടോസ് നേടി ആദ്യം ബാറ്റുചെയ്ത കോൽക്കത്ത ഉയർത്തിയ 206 റൺസ് മറികടക്കാൻ രാജസ്ഥാനായില്ല. 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 205 റൺസാണ് രാജസ്ഥാന് നേടാനായത്.

ക്യാപ്റ്റൻ റിയാൻ പരാഗ് തകർത്തടിച്ച് സെഞ്ചുറിക്കരികെയെത്തിയെങ്കിലും ഹർഷിത് റാണയുടെ പന്തിൽ പുറത്താകുകയായിരുന്നു. 45 പന്തിൽ എട്ട് സിക്സും ആറ് ഫോറും അടക്കം 95 റൺസ് അടിച്ചുകൂട്ടിയ പരാഗ് ആണ് രാജസ്ഥാന്റെ ടോപ് സ്കോറർ.

യശസ്വി ജയ്സ്വാൾ 21 പന്തിൽ അഞ്ച് ഫോറും ഒരു സിക്സും അടക്കം 34 റൺസും ഷിംറോൺ ഹെയ്റ്റ്മെയ്ർ 23 പന്തിൽ 29 റൺസുമെടുത്ത് തിളങ്ങി.

കോൽക്കത്തയ്ക്കായി മൊയീൻ അലി, ഹർഷിത് റാണ, വരുൺ ചക്രവർത്തി എന്നിവർ രണ്ട് വിക്കറ്റുകൾ വീതം വീഴ്ത്തി. വൈഭവ് അരോര ഒരു വിക്കറ്റും എടുത്തു.

ടോസ് നേടി ആദ്യം ബാറ്റിംഗ് തെരഞ്ഞെടുത്ത കോൽക്കത്ത 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 206 റൺസാണ് അടിച്ചെടുത്തത്. അർധ സെഞ്ചുറി നേടിയ ആൻഡ്രി റസലിന്റെ (57) ഇന്നിംഗ്സാണ് കോൽക്കത്തയെ മികച്ച സ്കോർ പടുത്തുയർത്താൻ സഹായിച്ചത്. 25 പന്തിൽ നാല് ഫോറും ആറ് സിക്സും അടങ്ങുന്നതായിരുന്നു കോൽക്കത്തയുടെ ടോപ് സ്കോററായ ആൻഡ്രി റസലിന്റെ ഇന്നിംഗ്സ്.

കോൽകത്തയ്ക്കായി റഹ്മാനുള്ള ഗുർബാസ് 25 പന്തിൽ 35 റൺസും ക്യാപ്റ്റൻ അജിൻക്യ റഹാനെ 24 പന്തിൽ 30 റൺസും അൻഗ്ക്രിഷ് രഘുവൻശി 31 പന്തിൽ 44 റൺസും എടുത്ത് തിളങ്ങി.

രാജസ്ഥാനായി ജോഫ്ര ആർച്ചർ, യുദ്ധ്‌വീർ സിംഗ് ചരക്, മഹേഷ് തീക്ഷണ, റിയാൻ പരാഗ് എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

# പഹൽഗാം ഭീകരാക്രമണം; സൈനികർക്ക് പൂർണ പിന്തുണ, ചുട്ട മറുപടി നൽകിയിരിക്കുമെന്ന് രാജ്നാഥ് സിംഗ്

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിനു പിന്നിലുള്ളവർക്ക് ചുട്ട മറുപടി നൽകിയിരിക്കുമെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. അതിർത്തി കാക്കുന്ന സൈനികർക്ക് പൂർണ പിന്തുണയെന്നും രാജ്നാഥ് സിംഗ് അറിയിച്ചു.

അതിർത്തി സംരക്ഷണം പ്രതിരോധമന്ത്രിയായ തന്റെ ഉത്തരവാദിത്വമാണ്. മറുപടി നൽകേണ്ടതും തന്റെ ഉത്തരവാദിത്വമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

അതേസമയം പഹൽഗാം ഭീകരാക്രമണത്തിന് 10 ദിവസങ്ങൾക്ക് ശേഷം, പാക്കിസ്ഥാനെതിരേ കടുത്ത നടപടികളുമായി നയതന്ത്ര ആക്രമണം ഇന്ത്യ ശക്തമാക്കി. ബാഗ്ലിഹാർ അണക്കെട്ടിലൂടെയുള്ള ജലമൊഴുക്ക് തടയുക, ഉത്പന്നങ്ങളുടെ ഇറക്കുമതി നിർത്തുക, പാക് കപ്പലുകൾ ഡോക്ക് ചെയ്യുന്നത് നിരോധിക്കുക, എല്ലാ മെയിലുകളുടെയും പാഴ്സലുകളുടെയും കൈമാറ്റം താത്കാലികമായി നിർത്തിവയ്ക്കുക തുടങ്ങിയ നടപടികളാണ് ഇന്ത്യ സ്വീകരിച്ചത്. 'ഹ്രസ്വകാല ശിക്ഷാ നടപടി' എന്ന നിലയിൽ പാക് പഞ്ചാബിലേക്കുള്ള ജലപ്രവാഹം നിയന്ത്രിക്കുന്നതിനായി ബാഗ്ലിഹാർ അണക്കെട്ടിലെ സ്ലൂയിസ് സ്പിൽവേകളുടെ ഗേറ്റുകൾ താഴ്ത്തിയതായി ഒരു മുതിർന്ന ഉദ്യോഗസ്ഥൻ 'ദ് ഇന്ത്യൻ എക്സ്പ്രസി'നോട് പറഞ്ഞു.

ചെനാബ് നദിക്ക് കുറുകെയുള്ള ബാഗ്ലിഹാർ അണക്കെട്ട്, ജലവൈദ്യുത ഉത്പാദനത്തിനായാണ് നിർമിക്കപ്പെട്ടത്. ചെനാബ് നദിയിലെ വെള്ളം പാക് പഞ്ചാബിലെ കൃഷിയിടങ്ങൾക്ക് ജലസേചനം നൽകുന്നതാണ്. ഹ്രസ്വ കാലത്തേക്കാണ് നടപടിയെന്നാണ് കേന്ദ്ര സർക്കാർ വൃത്തങ്ങൾ അറിയിച്ചത്. നേരത്തെ സിന്ധു നദീജല കരാർ മരവിപ്പിക്കാനുള്ള തീരുമാനം ഇന്ത്യ നേരത്തെ എടുത്തിരുന്നു. അതേസമയം, ഝലം നദിയിലെ കിഷൻഗംഗ അണക്കെട്ടിലും സമാനമായ നടപടി ഉണ്ടാകുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുണ്ട്. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ബന്ധം കൂടുതൽ വഷളായ സാഹചര്യത്തിൽ പാക്കിസ്ഥാനിൽ നിന്നുള്ള ഉത്പന്നങ്ങൾ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്നതും, പാക്കിസ്ഥാൻ വഴി ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതും ഇന്ത്യ വഴി പാക് ഉത്പന്നങ്ങൾ മറ്റു രാജ്യങ്ങളിലേക്ക് കൊണ്ടു പോകുന്നതും നിരോധിച്ചിട്ടുണ്ട്.

# ഇന്ത്യ തേടുന്നത് പങ്കാളികളെ; ഉപദേശകരെയല്ല, യൂറോപ്യൻ രാജ്യങ്ങളെ വിമർശിച്ച് എസ്. ജയശങ്കർ

ന്യൂഡൽഹി: ഇന്ത്യ തേടുന്നത് പങ്കാളികളെയാണെന്നും ഉപദേശകരെയല്ലെന്നും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ആർട്ടിക് സർക്കിൾ ഇന്ത്യ ഫോറത്തിൽ, ഇന്ത്യ യൂറോപ്പിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

വിദേശരാജ്യങ്ങളിൽ പ്രസംഗിക്കുന്നത് സ്വന്തം രാജ്യത്ത് പ്രാവർത്തികമാക്കാത്ത ഉപദേശകരെ ഇന്ത്യ ആഗ്രഹിക്കുന്നേയില്ല. യൂറോപ്പിൽ നിന്നുള്ള ചില നേതാക്കളിൽ ആ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും ചിലരിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും ജയശങ്കർ പറഞ്ഞു.

ഇന്ത്യയുടെ കാഴ്ചപ്പാടിൽ, രാജ്യങ്ങൾ തമ്മിൽ ഒരു പങ്കാളിത്തം വികസിപ്പിക്കണമെങ്കിൽ ചില ധാരണകളും അവബോധവും ഉണ്ടാകണം. പരസ്പര താത്പര്യങ്ങളും ലോകം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുള്ള തിരിച്ചറിവും ഉണ്ടാകണം. ഇവയെല്ലാം യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത നിലയിലാണ് മനസിലാക്കപ്പെടുന്നത്. ചിലർ കൂടുതൽ മുന്നോട്ട് പോയി. ചിലർ അൽപം പിന്നിലേക്കാണെന്നും മന്ത്രി പറഞ്ഞു.

# ലക്നോവിനെ തകർത്തു; രണ്ടാമതെത്തി പഞ്ചാബ്

ധരംശാല: ഐപിഎല്ലിൽ ലക്നോ സൂപ്പർ ജയൻറ്സിനെതിരായ മത്സരത്തിൽ പഞ്ചാബ് കിംഗ്സിന് ഗംഭീര ജയം. 37 റൺസിനാണ് പഞ്ചാബ് വിജയിച്ചത്. വിജയത്തോടെ 15 പോയിൻറായ പഞ്ചാബ് പോയിൻറ് ടേബിളിൽ രണ്ടാം സ്ഥാനത്തെത്തി. ഇന്നത്തെ മത്സരത്തിൽ പഞ്ചാബ് ഉയർത്തിയ 237 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ലക്നോവിന് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 199 റൺസ് എടുക്കാനെ സാധിച്ചുള്ളു. 74 റൺസുമായി ആയുഷ് ബദോനിയും 45 റൺസുമായി അബ്ദുൾ സമദും പൊരുതിയെങ്കിലും ടീമിനെ വിജയത്തിലെത്തിക്കാനായില്ല. മറ്റാർക്കും ലക്നോ നിരയിൽ തിളങ്ങാനായില്ല. പഞ്ചാബിന് വേണ്ടി അർഷ്ദീപ് സിംഗ് മൂന്നു വിക്കറ്റ് എടുത്തു. അസമത്തുള്ള ഒമർസായ് രണ്ടു വിക്കറ്റും മാർകോ യാൻസനും യുഷ്‌വേന്ദ്ര ചാഹലും ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

ആദ്യം ബാറ്റ് ചെയ്ത പഞ്ചാബ് 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിലാണ് 236 റൺസ് അടിച്ചെടുത്തത്. പ്രഭ് സിംറാൻ സിംഗിന്റെ വെടിക്കെട്ട് ബാറ്റിംഗാണ് പഞ്ചാബിനെ മികച്ച സ്കോർ പടുത്തുയർത്താൻ സഹായിച്ചത്. 48 പന്തിൽ 91 റൺസെടുത്താണ് സിമ്രാൻ പുറത്തായത്. ആറ് ഫോറും ഏഴ് സിക്സും അടങ്ങുന്നതായിരുന്നു പഞ്ചാബിന്റെ ടോപ് സ്കോററായ പ്രഭ് സിമ്രാന്റെ ഇന്നിംഗ്സ്.14 പന്തിൽ 30 റൺസെടുത്ത് ജോഷ് ലിംഗ്ലിസും 25 പന്തിൽ 45 റൺസെടുത്ത് ശ്രേയസ് അയ്യരും 15 പന്തിൽ 33 റൺസെടുത്ത് ശശാങ്ക് സിംഗും പഞ്ചാബിനായി തിളങ്ങി. ലക്നോവിനായി ആകാശ് മഹാരാജ് സിംഗ്, ദിഗ്വേഷ് സിംഗ് രാത്തി എന്നിവർ രണ്ട് വിക്കറ്റുകൾ വീതം പിഴുതു. പ്രിൻസ് യാദവ് ഒരു വിക്കറ്റും എടുത്തു.

# സിആർപിഎഫിനെ അറിയിച്ച ശേഷമാണ് പാക് യുവതിയെ വിവാഹം കഴിച്ചത്; പുറത്താക്കപ്പെട്ട ജവാൻ

ന്യൂഡൽഹി: സിആർപിഎഫിനെ അറിയിച്ച ശേഷമാണ് പാക്കിസ്ഥാൻ യുവതിയെ വിവാഹം കഴിച്ചതെന്ന് സേനയിൽനിന്ന് പുറത്താക്കപ്പെട്ട ജവാൻ. രേഖകളെല്ലാം കിട്ടിയിരുന്നുവെന്ന് സിആർപിഎഫിന്റെ മറുപടി ലഭിച്ചിരുന്നതായും ജവാൻ പറഞ്ഞു.

വിവാഹ ശേഷവും വിവരം അറിയിച്ചിരുന്നുവെന്നും മുനിർ അഹമ്മദ് പറഞ്ഞു. പാക്ക് യുവതിയെ വിവാഹം ചെയ്തതു മറച്ചുവച്ചതിനാണ് സിആർപിഎഫ് ജവാനെ സർവീസിൽ നിന്ന് പിരിച്ചുവിട്ടത്. സിആർപിഎഫ് 41-ാം ബറ്റാലിയനിൽ സേവനമനുഷ്ഠിച്ചിരുന്ന മുനിർ അഹമ്മദിനെതിരേയാണ് നടപടി.

യാതൊരു തരത്തിലുള്ള അന്വേഷണവും ആവശ്യമില്ലാത്ത വകുപ്പുകൾ അനുസരിച്ചാണ് നടപടിയെന്ന് സിആർപിഎഫ് വക്താവും ഡിഐജിയുമായ എം. ദിനകരൻ അറിയിച്ചു. കഴിഞ്ഞ വർഷം മേയ് 24നാണ് പാക് യുവതി മിനാൽ ഖാനുമായുള്ള മുനിർ അഹമ്മദിന്റെ വിവാഹം നടന്നത്.

തുടർന്ന് ഇവർ ഇന്ത്യയിലെത്തുകയായിരുന്നു. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് പാക്ക് പൗരന്മാരെ ഇന്ത്യയിൽ നിന്ന് തിരിച്ചയച്ചുതുടങ്ങിയതോടെയാണ് വിവാഹവാർത്ത പരസ്യമായത്.

പേവിഷബാധയേറ്റ് കുട്ടി മരിച്ച സംഭവം; ചികിത്സാപ്പിഴവില്ലെന്ന് അധികൃതർ

കോഴിക്കോട്: പെരുവള്ളൂരിൽ പേവിഷബാധയേറ്റ് അഞ്ചര വയസുകാരി മരിച്ച സംഭവം കാറ്റഗറി-3 യിൽ വരുന്ന കേസ് ആണെന്നും മുറിവ് തുന്നാൻ പാടില്ല എന്നാണ് ഗൈഡ്‌ലൈനെന്നും ആശുപത്രി അധികൃതർ. ചികിത്സയിൽ ഒരു വീഴ്ചയും വന്നിട്ടില്ലെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.

പേവിഷബാധയേറ്റ് കുട്ടി മരിച്ച സംഭവത്തിൽ ചികിത്സാ പിഴവ് ആരോപിച്ച് കുടുംബം രംഗത്തെത്തിയിരുന്നു. മാർച്ച് 29 നാണ് കുട്ടിയ്ക്ക് നായയുടെ കടിയേൽക്കുന്നത്. ചോരയിൽ കുളിച്ച നിലയിലായിരുന്നു കുട്ടി. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലേക്ക് എത്തിച്ചെങ്കിലും ഡോക്ടർ ഇല്ലെന്നാണ് പറഞ്ഞത്.

തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് എത്തിച്ചു. ചികിത്സ നൽകിയ ശേഷം 48 മണിക്കൂർ കഴിഞ്ഞു വരാനാണ് പറഞ്ഞത്. പിന്നീട് പനി ബാധിച്ചപ്പോൾ കുട്ടിക്ക് ഉറങ്ങാൻ കഴിയാത്ത അവസ്ഥയിലായി എന്നും മരിച്ച കുട്ടിയുടെ പിതാവ് സൽമാനുൽ ഫാരിസ് മാധ്യമങ്ങളോട് പറഞ്ഞു.

# ഐപിഎൽ; ലഖ്നോവിന് മുന്നിൽ 237 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യം പടുത്തുയർത്തി പഞ്ചാബ്

ധരംശാല: ഐപിഎല്ലിൽ ലഖ്നോ സൂപ്പർ ജയൻറ്സിനെതിരെ പഞ്ചാബ് കിംഗ്സിന് മികച്ച സ്കോർ. 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 236 റൺസാണ് പഞ്ചാബ് അടിച്ചെടുത്തത്.

പ്രഭ് സിംറാൻ സിംഗിന്റെ വെടിക്കെട്ട് ബാറ്റിംഗാണ് പഞ്ചാബിനെ മികച്ച സ്കോർ പടുത്തുയർത്താൻ സഹായിച്ചത്. 48 പന്തിൽ 91 റൺസെടുത്താണ് സിമ്രാൻ പുറത്തായത്. ആറ് ഫോറും ഏഴ് സിക്സും അടങ്ങുന്നതായിരുന്നു പഞ്ചാബിന്റെ ടോപ് സ്കോററായ പ്രഭ് സിമ്രാന്റെ ഇന്നിംഗ്സ്. 14 പന്തിൽ 30 റൺസെടുത്ത് ജോഷ് ലിംഗ്ലിസും 25 പന്തിൽ 45 റൺസെടുത്ത് ശ്രേയസ് അയ്യരും 15 പന്തിൽ 33 റൺസെടുത്ത് ശശാങ്ക് സിംഗും പഞ്ചാബിനായി തിളങ്ങി. ലഖ്നോവിനായി ആകാശ് മഹാരാജ് സിംഗ്, ദിഗ്വേഷ് സിംഗ് രാത്തി എന്നിവർ രണ്ട് വിക്കറ്റുകൾ വീതം പിഴുതു. പ്രിൻസ് യാദവ് ഒരു വിക്കറ്റും എടുത്തു.

# വനിതാ ഏകദിനം; ഇന്ത്യയെ മൂന്ന് വിക്കറ്റിന് തകർത്ത് ലങ്കൻ വനിതകൾ

കൊളംബോ: ത്രിരാഷ്ട്ര പരമ്പരയിൽ ഇന്ത്യൻ വനിതകൾക്കെതിരായ മത്സരത്തിൽ ശ്രീലങ്കയ്ക്ക് ജയം. മൂന്ന് വിക്കറ്റിന്റെ തകർപ്പൻ ജയമാണ് ശ്രീലങ്ക സ്വന്തമാക്കിയത്.

ആദ്യം ബാറ്റുചെയ്ത ഇന്ത്യ ഉയർത്തിയ 275 റൺസ് 49.1 ഓവറിൽ ശ്രീലങ്ക മറികടന്നു. ഏഴ് വിക്കറ്റ് നഷ്ടത്തിൽ 278 റൺസാണ് ശ്രീലങ്ക അടിച്ചെടുത്തത്.

56 റൺസ് നേടിയ നിളാക്ഷി ഡി സിൽവയാണ് ലങ്കയുടെ ടോപ് സ്കോറർ. 33 പന്തിൽ അഞ്ച് ഫോറും മൂന്ന് സിക്സും അടങ്ങുന്നതായിരുന്നു ഡി സിൽവയുടെ ഇന്നിംഗ്സ്. ഹർഷിത സമ്രവിക്രമ (53), വിഷ്മി ഗുണരത്നേ (33), കവിഷ ദിൽഹരി (35) എന്നിവരും ലങ്കയ്ക്കായി തിളങ്ങി.

ഇന്ത്യക്കായി സ്നേഹ് റാൺ മൂന്ന് വിക്കറ്റുകൾ പിഴുതു. അരുന്ധതി റെഡ്ഡി, പ്രതിക റൗൾ, നല്ലപുറെഡ്ഡി ചരണി എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

ആദ്യം ബാറ്റുചെയ്ത ഇന്ത്യൻ വനിതകൾ 50 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 275 റൺസാണ് എടുത്തത്. റിച്ച ഘോഷിന്റെ അർധ സെഞ്ചുറിയുടെ മികവിലാണ് ഇന്ത്യ ഭേദപ്പെട്ട സ്കോർ പടുത്തുയർത്തിയത്. 48 പന്തിൽ അഞ്ച് ഫോറും മൂന്ന് സിക്സും അടക്കം 58 റൺസാണ് റിച്ച എടുത്തത്.

ഹർമൻ പ്രീത് കൗർ (30), ജമീമ റോഡ്റിഗസ് (37), ഹർളീൻ ഡിയോൾ (29) എന്നിവരും ഇന്ത്യക്കായി തിളങ്ങി.

ലങ്കയ്ക്കായി സുഗന്ധിക കുമാരി, ചമരി അത്പത്തു എന്നിവർ മൂന്ന് വിക്കറ്റ് വീതം പിഴുതു. ദെവ്മി വിഹാങ്ക, ഇനോക്ക രണവീര എന്നിവർ ഓരോ വിക്കറ്റ് വീതവും എടുത്തു.

# സൗഹൃദം അവസാനിപ്പിച്ചതിന് പെൺകുട്ടിയെ കൊലപ്പെടുത്തി സഹപാഠി

ഭോപ്പാൽ: മധ്യപ്രദേശിൽ സൗഹൃദം അവസാനിപ്പിച്ചതിന് സഹപാഠിയെ കൊലപ്പെടുത്തി വിദ്യാർഥി. ധാർ ജില്ലയിലാണ് സംഭവം.

17കാരിയായ പ്ലസ് ടു വിദ്യാർഥിനിയാണ് കൊല്ലപ്പെട്ടത്. ഉമർബാൻ പോലീസ് പോസ്റ്റിന്റെ പരിധിയിലുള്ള കൃഷിയിടത്തിൽ ശനിയാഴ്ചയാണ് പന്ത്രണ്ടാം ക്ലാസ് വിദ്യാർഥിനിയുടെ മൃതദേഹം കണ്ടെത്തിയതെന്ന് പോലീസ് പറഞ്ഞു.

അന്വേഷണത്തിൽ വിദ്യാർഥിനിയെ സഹപാഠി ശല്യം ചെയ്തിരുന്നുവെന്ന് കണ്ടെത്തിയതായി പോലീസ് വ്യക്തമാക്കി. ചോദ്യം ചെയ്യലിൽ, പെൺകുട്ടിയെ കൊലപ്പെടുത്തിയതായി പ്രതി സമ്മതിച്ചു.

താനുമായുള്ള സൗഹൃദം പെൺകുട്ടി അവസാനിപ്പിച്ചതോടെയാണ് താൻ കൃത്യം നടത്താൻ തീരുമാനിച്ചതെന്ന് പ്രതി പോലീസിനോട് പറഞ്ഞു. വെള്ളിയാഴ്ച രാത്രി ഒരു കൃഷിയിടത്തിൽ വരണമെന്ന് ഇയാൾ പെൺകുട്ടിയോട് ആവശ്യപ്പെട്ടു. ഇവിടെ വച്ച് മൂർച്ചയുള്ള ആയുധം ഉപയോഗിച്ച് ഇയാൾ പെൺകുട്ടിയെ കൊല്ലുകയായിരുന്നു.

# ഇസ്രയേൽ വിമാനത്താവളത്തിലെ മിസൈൽ ആക്രമണം; ഡൽഹി-ടെൽ അവീവ് എയർ ഇന്ത്യ വിമാനം വഴിതിരിച്ചുവിട്ടു

ടെൽ അവീവ്: ഇസ്രയേൽ വിമാനത്താവളത്തിനു നേരെ മിസൈലാക്രമണമുണ്ടായ സാഹചര്യത്തിൽ എയർ ഇന്ത്യ വിമാനം വഴിതിരിച്ചുവിട്ടു. എയർ എന്ത്യയുടെ ഡൽഹി-ടെൽ അവീവ് വിമാനം അബുദാബിയിലേക്കാണ് തിരിച്ചുവിട്ടത്. ആറാം തിയതി വരെ ഡൽഹി-ടെൽ അവീവ് സർവീസ് ഉണ്ടാകില്ലെന്നും എയർ ഇന്ത്യ അറിയിച്ചു. അതുവരെയുള്ള ദിവസങ്ങളിൽ ബുക്ക്ചെയ്തവർക്ക് സൗജന്യമായി മറ്റൊരു ദിവസം ബുക്ക്ചെയാനോ റീഫണ്ടിനോ സൗകര്യമൊരുക്കുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി. യെമനിൽനിന്ന് ഹൂതി വിമതർ തൊടുത്തുവിട്ട ബാലസ്റ്റിക് മിസൈലാണ് ഇസ്രയേലിലെ ബെൻ ഗുറിയോൺ വിമാനത്താവളത്തിൽ പതിച്ചത്. മിസൈലാക്രമണത്തിൽ ആറോളം പേർക്ക് പരിക്കേറ്റതായി ഇസ്രയേലി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

# ഭീകരർക്ക് സഹായം ചെയ്ത യുവാവ് സുരക്ഷാസേനയിൽ നിന്നും രക്ഷപെടാനായി നദിയിലേക്ക് ചാടി; ഒഴുക്കിൽപ്പെട്ട് മരിച്ചു

ശ്രീനഗർ: ജമ്മുകാഷ്മീരിലെ കുൽഗാം ജില്ലയിൽ ഭീകരർക്ക് ഭക്ഷണവും താമസവും നൽകിയയാൾ സുരക്ഷാ സേനയിൽ നിന്ന് രക്ഷപ്പെടുന്നതിനായി നദിയിൽ ചാടി മുങ്ങിമരിച്ചു. 23 കാരനായ ഇമ്തിയാസ് അഹമ്മദ് മഗ്രേയാണ് മരിച്ചത്.

ശനിയാഴ്ചയാണ് മാഗ്രേയെ പോലീസ് കസ്റ്റഡിയിലെടുത്തത്. ചോദ്യം ചെയ്യലിൽ കുൽഗാമിലെ ടാംഗ്മാർഗിലെ വനത്തിൽ ഒളിച്ചിരിക്കുന്ന ഭീകരർക്ക് ഭക്ഷണവും മറ്റ് സാധനങ്ങളും നൽകിയതായി ഇയാൾ മൊഴി നൽകി.

ഭീകരരുടെ ഒളിത്താവളത്തിലേക്കുള്ള വഴി കാണിച്ചുനൽകാമെന്ന് ഇയാൾ സുരക്ഷാ സേനയോടും പറഞ്ഞു. ഞായറാഴ്ച രാവിലെ, ഒളിത്താവളം റെയ്ഡ് ചെയ്യാൻ പോലീസും സൈന്യവും ഇയാളെയും കൂട്ടി വനത്തിലേക്ക് തിരിച്ചു.

ഇതിനിടെ ഇമ്തിയാസ് രക്ഷപെടാനായി വെഷാവ് നദിയിലേക്ക് ചാടി. എന്നാൽ ശക്തമായ ഒഴുക്കിൽപ്പെട്ട ഇമ്തിയാസ് മരിക്കുകയായിരുന്നു. സംഭവത്തിന്റെ ദൃശ്യങ്ങൾ കാമറയിൽ പതിഞ്ഞിട്ടുണ്ട്.

# സഹപ്രവർത്തകയുടെ മകനെ ലൈംഗീകമായി പീഡിപ്പിച്ചു; 28കാരി അറസ്റ്റിൽ

ഹൈദരാബാദ്: പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെ ലൈംഗീകമായി പീഡിപ്പിച്ച കേസിൽ 28കാരി അറസ്റ്റിൽ. ജൂബിലി ഹിൽസിൽ വീട്ടു ജോലിക്കാരിയായ യുവതിയാണ് ഇതേ വീട്ടിലെ മറ്റൊരു ജോലിക്കാരിയുടെ മകനായ 17കാരനെ പീഡിപ്പിച്ചത്.

പോക്സോ വകുപ്പു പ്രകാരമാണ് യുവതിയെ അറസ്റ്റ് ചെയ്തത്. ഒരേ കാർട്ടേഴ്സിലാണ് പ്രതിയായ യുവതിയും പീഡിപ്പിക്കപ്പെട്ട ആൺകുട്ടിയുടെ കുടുംബവും താമസിച്ചിരുന്നത്. കുട്ടിയെ യുവതി ചുംബിക്കുന്നതു കണ്ട കെട്ടിടത്തിന്റെ മാനേജർ കുട്ടിയുടെ അമ്മയെ വിവരമറിയിക്കുകയായിരുന്നു.

തുടർന്ന് കുട്ടിയുടെ അമ്മ സ്ഥലത്തെത്തി ചോദ്യം ചെയ്തപ്പോൾ തനിക്ക് സഹോദരനെപ്പോലെയാണ് കുട്ടിയെന്നും ആ സ്നേഹത്തിന്റെ പുറത്താണ് ചുംബിച്ചതെന്നുമാണ് യുവതി മറുപടി നൽകിയത്.

പിന്നീട് പിറ്റേ ദിവസം ഇതേക്കുറിച്ച് വീണ്ടും ചോദിച്ചപ്പോഴാണ് ഒറ്റയ്ക്കായിരുന്ന സമയത്ത് യുവതി പലപ്പോഴും മോശമായി പെരുമാറിയെന്നും ഒന്നിലധികം സമയം നിർബന്ധിച്ച് ലൈംഗികബന്ധത്തിലേർപ്പെട്ടെന്നും കുട്ടി വെളിപ്പെടുത്തിയത്. ഇക്കാര്യങ്ങൾ പുറത്തുപറഞ്ഞാൽ മോഷണക്കേസിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തിയെന്നും പീഡനത്തിനിരയായ കുട്ടി മൊഴി നൽകിയതായി പോലീസ് പറഞ്ഞു.

പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

# പാക് ചാര സംഘടനയ്ക്ക് വിവരം ചോർത്തി നൽകി; പഞ്ചാബിൽ രണ്ടുപേർ അറസ്റ്റിൽ

അമൃത്സർ: പഞ്ചാബിൽ ആർമി കൻറോൺമെൻറ് പ്രദേശങ്ങളുടെയും വ്യോമതാവളങ്ങളുടെയും തന്ത്രപ്രധാന വിവരങ്ങളും ചിത്രങ്ങളും പാക്കിസ്ഥാൻ രഹസ്യാന്വേഷണ ഉദ്യോഗസ്ഥർക്ക് ചോർത്തി നൽകിയതിന് രണ്ട് പേരെ പഞ്ചാബ് പോലീസ് അറസ്റ്റ് ചെയ്തു.

പാലക് ഷേർ മാസിഹ്, സൂരജ് മാസിഹ് എന്നിവരാണ് അറസ്റ്റിലായത്. രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവരെക്കുറിച്ച് വിവരം ലഭിക്കുന്ന പക്ഷം ഉടൻ അവരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കാൻ മുഖ്യമന്ത്രി ഭഗവന്ത് മാനും ഡിജിപി ഗൗരവ് യാദവും നിർദേശം നൽകിയിട്ടുണ്ടെന്ന് റൂറൽ അമൃത്സർ സീനിയർ പോലീസ് സൂപ്രണ്ട് (എസ്എസ്പി) മനീന്ദർ സിംഗ് പറഞ്ഞു. പാക്കിസ്ഥാൻ ഇൻറലിജൻസ് ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെട്ടിരുന്ന പാലക് ഷേർ മാസിഹിനെയും സൂരജ് മാസിഹിനെയും കുറിച്ച് ഇത്തരത്തിലുള്ള വിവരം ലഭിച്ചു. ഇവർ തന്ത്രപ്രധാനമായ വിവരങ്ങൾ പാക് അധികൃതർക്ക് ചോർത്തി നൽകി. ഞങ്ങൾ ഇരുവരെയും അറസ്റ്റ് ചെയ്യുകയും അവരിൽ നിന്ന് വിവരങ്ങൾ മനസിലാക്കുകയും ചെയ്തുവെന്നും മനീന്ദർ സിംഗ് പറഞ്ഞു.

# പാലക്കാട്ട് യുവാവ് മുങ്ങി മരിച്ച നിലയിൽ

പാലക്കാട്: യുവാവിനെ മുങ്ങി മരിച്ച നിലയിൽ കണ്ടെത്തി. പാലക്കാട് ഒറ്റപ്പാലം 19ാം മൈലിൽ താമരക്കുളത്താണ് സംഭവം. കണ്ണിയംപുറം കിഴക്കേത്തല മണികണ്ഠനാണ് മരിച്ചത്. മണികണ്ഠനെ ശനിയാഴ്ച വൈകുന്നേരം മുതൽ കാണാനില്ലെന്ന് ബന്ധുക്കൾ പറയുന്നു. പോലീസ് സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി.

# തെലങ്കാന ഹൈക്കോടതി ജഡ്ജി എം. ജി. പ്രിയദർശിനി അന്തരിച്ചു

ഹൈദരാബാദ്: തെലങ്കാന ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് എം. ജി. പ്രിയദർശിനി(61) അന്തരിച്ചു. അടുത്ത വർഷം വിരമിക്കാനിരിക്കെയാണ് അന്ത്യം.

സംസ്കാരം തിങ്കളാഴ്ച ഹൈദരാബാദിൽ നടക്കും. വിശാഖപട്ടണം എൻബിഎം കോളജിൽനിന്ന് നിയമബിരുദം നേടിയ ജസ്റ്റീസ് പ്രിയദർശിനി 1995 സെപ്തംബറിലാണ് അഭിഭാഷകയായി എൻറോൾ ചെയ്തത്.

ആന്ധ്ര സർവകലാശാലയിൽനിന്ന് 1997ൽ എൽഎൽഎം പൂർത്തിയാക്കി. 2008ൽ അഡിഷണൽ ഡിസ്ട്രിക്ട് ജഡ്ജായി. 2022 മാർച്ചിലാണ് തെലങ്കാന ഹൈക്കോടതി ജഡ്ജായത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കോഴിക്കോട് നഗരത്തിൽ പെൺവാണിഭം: ആസാം സ്വദേശിനി രക്ഷപെട്ടു; പ്രതിക്കായി വലവിരിച്ച് പോലീസ്

കോഴിക്കോട്: ആസാം സ്വദേശിയായ 17കാരിയെ നഗരത്തിലെ വാടകവീട്ടിലെ മുറിയിൽ പൂട്ടിയിട്ട് പെൺവാണിഭകേന്ദ്രം നടത്തിപ്പ്. കോഴിക്കോട് നഗരമധ്യത്തിൽ റെയിൽവേ സ്റ്റേഷനു സമീപത്തുള്ള കെട്ടിടത്തിലായിരുന്നു കേന്ദ്രം. ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട ആസാം സ്വദേശിയായ യുവാവാണ് മൂന്നുമാസം മുൻപ് പെൺകുട്ടിയെ കേരളത്തിലെത്തിച്ചത്.

15,000 രൂപ മാസശമ്പളത്തിൽ ജോലി തരപ്പെടുത്തിത്തരാമെന്നായിരുന്നു വാഗ്ദാനം. ഇയാൾക്കായി മെഡിക്കൽ കോളജ് പോലീസ് അന്വേഷണം ഊർജിതമാക്കി. കേന്ദ്രത്തിൽനിന്ന് ഒരാഴ്ചമുൻപാണ് അതിസാഹസികമായി പെൺകുട്ടി രക്ഷപ്പെട്ടത്. തന്നെപ്പോലെ അഞ്ച് പെൺകുട്ടികൾ മുറിയിലുണ്ടായിരുന്നെന്ന് ഇവർ അധികൃതരോടുപറഞ്ഞു. ഒരുദിവസം മൂന്നും നാലും പേർ മുറിയിലെത്താറുണ്ടെന്നും ഞായറാഴ്ചകളിൽ ആറും ഏഴും പേരെ യുവാവ് പ്രവേശിപ്പിക്കാറുണ്ടെന്നും പെൺകുട്ടിയുടെ മൊഴിയിലുണ്ട്.

സ്ഥിരമായി മുറി പൂട്ടിയിട്ടാണ് ഇയാൾ പുറത്തുപോവാറ്. ഒരാഴ്ചമുൻപ് മുറിതുറന്ന് ഇയാൾ ഫോണിൽ സംസാരിച്ച് ടെറസിലേക്ക് നടന്നുപോയസമയത്താണ് ഇവർ രക്ഷപ്പെട്ടത്.

രക്ഷപ്പെടുന്നതിന്റെ തലേദിവസം വയറുവേദനയെത്തുടർന്ന് പെൺകുട്ടിയെ ഇയാൾ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചിരുന്നു. ഓട്ടോറിക്ഷയിൽ പോകുന്നതിനിടയിൽ മെഡിക്കൽ കോളജ് പോലീസ് സ്റ്റേഷൻ പെൺകുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

മുറിയിൽനിന്ന് രക്ഷപ്പെട്ട ഉടൻ മുന്നിൽക്കണ്ട ഒരു ഓട്ടോറിക്ഷയിൽക്കയറി മെഡിക്കൽ കോളജ് പോലീസ് സ്റ്റേഷനിൽ പോകണമെന്ന് പെൺകുട്ടി ആവശ്യപ്പെട്ടു.

സ്റ്റേഷനിലെത്തി വിവരമറിയിച്ചതോടെ പോലീസ് ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് (സിഡബ്ല്യുസി) മുൻപാകെയെത്തിച്ചു. സിഡബ്ല്യുസി കൗൺസലിംഗ് നൽകി വൈദ്യപരിശോധനയ്ക്ക് ഹാജരാക്കുകയും പിന്നീട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിലേക്ക് മാറ്റുകയുംചെയ്തു.

അതിനിടയിൽ പെൺകുട്ടിയെ തിരിച്ച് ആസാമിലേക്ക് കൊണ്ടുപോകണമെന്നാവശ്യപ്പെട്ട് മാതാവിന്റെ ബന്ധു സിഡബ്ല്യുസി അധികൃതരുടെ മുന്നിലെത്തി. ആധാർ കാർഡ് കാണിക്കാൻ ആവശ്യപ്പെട്ടപ്പോൾ വ്യാജ ആധാർകാർഡാണ് നൽകിയത്. ഇതിൽ 20 വയസെന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത്.

സംശയംതോന്നിയ അധികൃതർ കൂടുതൽ ചോദ്യങ്ങളുന്നയിച്ചതോടെ, ഇത് പെൺകുട്ടിയെ കൊണ്ടുവന്ന യുവാവ് വ്യാജമായി നിർമിച്ചതാണെന്ന് വ്യക്തമായി. കെട്ടിടമേതെന്ന് തിരിച്ചറിയാനും ഒളിവിൽപ്പോയ യുവാവിനെ കണ്ടെത്താനുമുള്ള ശ്രമത്തിലാണ് അന്വേഷണസംഘം.

# സുധാകരൻ വലിയ ജനപിന്തുണയുള്ള നേതാവ്, യുവാക്കൾ കാണിക്കുന്ന പക്വത മുതിർന്നവരും കാണിക്കണം: രാഹുൽ മാങ്കൂട്ടത്തിൽ

പത്തനംതിട്ട: കോൺഗ്രസ് പാർട്ടി പുനഃസംഘടനാ വിഷയത്തിൽ നേതൃത്വത്തിനെതിരെ ആഞ്ഞടിച്ച് രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ. സാധാരണ പ്രവർത്തകന്റെ ആത്മവിശ്വാസം തകർക്കരുതെന്നും യുവാക്കൾ കാണിക്കുന്ന പക്വതയും പാകതയും മുതിർന്ന നേതാക്കൾ കാണിക്കണമെന്നും രാഹുൽ മാങ്കൂട്ടത്തിൽ പത്തനംതിട്ടയിൽ പറഞ്ഞു.

കെപിസിസി അധ്യക്ഷൻ കെ. സുധാകരന് പിന്തുണയറിയിച്ച രാഹുൽ, അദ്ദേഹം വലിയ ജനപിന്തുണയുള്ള നേതാവാണെന്നും കേരളത്തിലെ ഏത് ജംഗ്ഷനിൽ പോയാലും ആളുകൾ കൂടുമെന്നും പറഞ്ഞു

നേതൃത്വം ഇടപെട്ട് അനിശ്ചിതത്വം മാറ്റണം. വരാൻ പോകുന്നത് അങ്കണവാടി തെരഞ്ഞടുപ്പ് അല്ല. അങ്കണവാടി ക്ലാസ് ലീഡറുടെ തെരഞ്ഞെടുപ്പല്ലെന്നും പഞ്ചായത്ത് തെരഞ്ഞെടുപ്പാണെന്നും ഓർക്കണമെന്നും രാഹുൽ പറഞ്ഞു.

ഞങ്ങള് മിണ്ടാതെയിരിക്കുന്നത് അത് താങ്ങാനുള്ള കെൽപ്പ് പാർട്ടിക്കില്ലാത്തത് കൊണ്ടാണ്. യുവനേതാക്കൾ കാണിക്കുന്ന അച്ചടക്കം മുതിർന്ന നേതാക്കളും കാണിക്കണം. മുതിർന്ന നേതാക്കൾ ഉത്തരവാദിത്വം കാട്ടണം. കോൺഗ്രസ് അധികാരത്തിൽ വരാൻ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. അത് നടക്കാതെ പോകുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും രാഹുൽ മാങ്കൂട്ടത്തിൽ കൂട്ടിച്ചേർത്തു.

# പുതിയ കെപിസിസി അധ്യക്ഷനെ ഇന്നോ ചൊവ്വാഴ്ചയോ പ്രഖ്യാപിച്ചേക്കും

തിരുവനന്തപുരം: പുതിയ കെപിസിസി അധ്യക്ഷനെ പ്രഖ്യാപിക്കാൻ അധികം വൈകേണ്ട എന്ന തീരുമാനത്തിൽ ഹൈക്കമാൻഡ്. ഇന്നോ ചൊവ്വാഴ്ചയോ കെപിസിസി അധ്യക്ഷനെ പ്രഖ്യാപിക്കാനാണ് ഹൈക്കമാൻഡ് നീക്കം. അതേസമയം ഒരിക്കൽകൂടി കെ. സുധാകരനുമായി ഹൈക്കമാൻഡ് ആശയവിനിമയം നടത്തുമെന്നാണ് വിവരം.

അനാരോഗ്യം പറഞ്ഞ് തന്നെ മൂലയ്ക്ക് ഇരുത്താൻ ശ്രമം ഉണ്ടെന്നാണ് കഴിഞ്ഞ ദിവസം കെ. സുധാകരൻ ആരോപിച്ചത്. ഡൽഹിയിൽ നടന്ന ചർച്ചയിൽ സമവായത്തിൽ എത്തിയശേഷം സുധാകരൻ നിലപാട് തിരുത്തി എന്നാണ് കേന്ദ്ര നേതൃത്വത്തിന്റെ പരാതി. കെ. സുധാകരൻ നടത്തുന്ന പരസ്യ പ്രതികരണങ്ങളിൽ ഹൈക്കമാൻഡിന് കടുത്ത അതൃപ്തിയുമുണ്ട്. പുതിയ കെപിസിസി അധ്യക്ഷന്റെ പ്രഖ്യാപനം വൈകിയാൽ കൂടുതൽ നേതാക്കൾ അധ്യക്ഷപദത്തിലേക്ക് ആഗ്രഹം പ്രകടിപ്പിച്ച് എത്തുമെന്ന ആശങ്കയും ഹൈക്കമാൻഡിനുണ്ട്. നിലവിൽ പ്രസിഡൻറ് സ്ഥാനത്തേക്ക് ആൻറോ ആൻറണിയുടെ പേരിനാണ് മുൻതൂക്കം. പേരാവൂർ എംഎൽഎ സണ്ണി ജോസഫിനേയും പരിഗണിക്കുന്നുണ്ട്. കെ. സി. വേണുഗോപാൽ ഡൽഹിയിൽ തിരിച്ചെത്തിയശേഷം ഇക്കാര്യത്തിൽ അന്തിമ ചർച്ചയിലേക്ക് കടക്കും. കെപിസിസി അധ്യക്ഷസ്ഥാനത്ത് നിന്ന് മാറണമെന്ന നേരിയ സൂചന പോലും തനിക്ക് ലഭിച്ചിട്ടില്ലെന്നാണ് സുധാകരൻ വ്യക്തമാക്കിയത്. രാഹുൽ ഗാന്ധിയും ഖാർഗെയുമായി ഒന്നരമണിക്കൂർ കേരള രാഷ്ട്രീയത്തെക്കുറിച്ചും തദ്ദേശ തെരഞ്ഞെടുപ്പിനെക്കുറിച്ചും സംസാരിച്ചിരുന്നു. കെപിസിസി അധ്യക്ഷ സ്ഥാനത്ത് നിന്ന് തന്നെ മാറ്റുന്നു എന്ന രീതിയിൽ ഒരു ചർച്ചയും ഉണ്ടായിട്ടില്ലെന്നും സുധാകരൻ പറഞ്ഞിരുന്നു.

# ആശമാരുടെ രാപകൽ സമരയാത്രയ്ക്ക് കാസർഗോഡ് തുടക്കമായി

കാസർഗോഡ്: കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം. എ. ബിന്ദു നയിക്കുന്ന ആശമാരുടെ രാപകൽ സമരയാത്ര കാസർഗോട്ട് നിന്നാരംഭിച്ചു.

പുതിയ ബസ് സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ സാമൂഹ്യപ്രവർത്തകൻ ഡോ. ആസാദ് ഉദ്ഘാടനം ചെയ്തു. കാസർഗോഡ് ജില്ലാ സ്വാഗതസംഘം ചെയർമാൻ വി. കെ. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു.

എൻ. എ. നെല്ലിക്കുന്ന് എംഎൽഎ, എ. കെ. എം. അഷറഫ് എംഎൽഎ, ഡോ. അജയകുമാർ കോടോത്ത്, ഡോ. എ. എം. ശ്രീധരൻ എന്നിവർ പ്രസംഗിച്ചു. 45 ദിവസം നീണ്ടുനിൽക്കുന്ന സമരയാത്രയിൽ നൂറുകണക്കിന് ആശമാരുൾപ്പെടുന്ന സമരയാത്രയുടെ കൂടെ കലാസംഘവും സഞ്ചരിക്കും. ആദ്യദിനം ബദിയടുക്ക, കുറ്റിക്കോൽ എന്നിവിടങ്ങളിൽ സമരയാത്രയക്ക് സ്വീകരണം നൽകും. ജൂൺ 17 ന് തിരുവനന്തപുരത്ത് മഹാറാലിയോടെ സമരയാത്ര സമാപിക്കും.

ആശാ വർക്കർമാരുടെ ഓണറേറിയം 21,000 രൂപയായി വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യമായി അഞ്ചു ലക്ഷം രൂപ നൽകുക, പെൻഷൻ ഏർപ്പെടുത്തുക, ഓണറേറിയത്തിന് ബാധകമാക്കിയ മുഴുവൻ മാനദണ്ഡങ്ങളും പിൻവലിക്കുക, എല്ലാ മാസവും മുടങ്ങാതെ അഞ്ചാം തീയതിക്കകം ഓണറേറിയം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഫെബ്രുവരി 10 മുതലാണ് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സെക്രട്ടറിയേറ്റിന് മുന്നിൽ അനിശ്ചിതകാല രാപകൽ സമരം ആരംഭിച്ചത്.

# ബൈക്ക് റോഡരികിൽ കൂട്ടിയിട്ടിരുന്ന മണ്ണിൽ ഇടിച്ചു കയറി രണ്ട് യുവാക്കൾ മരിച്ചു

പൂന്തുറ: പൂന്തുറയ്ക്ക് സമീപം ഹൈവേയിൽ പുതുക്കാട് മണ്ഡപത്തിന് എതിർവശത്തായി ബൈക്ക് തെന്നി മറിഞ്ഞ് രണ്ട് പേർ മരിച്ചു. വിഴിഞ്ഞം കോട്ടപ്പുറം കുരിശടിയ്ക്ക് സമീപം താമസിക്കുന്ന ശബരിയാറിന്റെ മകൻ ഷാരോൺ (19), വിഴിഞ്ഞം കോട്ടപ്പുറം കുരിശടിയ്ക്ക് സമീപം താമസിക്കുന്ന പീറ്ററിന്റെ മകൻ ടിനോ (20) എന്നിവരാണ് മരിച്ചത്. ബൈക്കിനു പിന്നിലുണ്ടായിരുന്ന വിഴിഞ്ഞം കോട്ടപ്പുറം ഒസവില്ലാ കോളനിയിൽ ആരോഗ്യത്തിന്റെ മകൻ അൻസാരി (19) പരിക്കുകളോടെ രക്ഷപ്പെടുകയായിരുന്നു. ഇന്ന് പുലർച്ചെ 1.30 ഓടുകൂടി വിഴിഞ്ഞം ഭാഗത്തുനിന്നും പൂന്തുറ പള്ളിയിലെ ഉത്സവത്തോടനുബന്ധിച്ചുനടന്ന ഗാനമേളയ്ക്കു വന്നതായിരുന്നു മൂന്നു യുവാക്കളും.

പുതുക്കാട് മണ്ഡപത്തിനു സമീപത്തെത്തിയപ്പോൾ ബൈക്ക് റോഡരികിൽ കൂട്ടിയിട്ടിരുന്ന മണ്ണിൽ ഇടിച്ചുകയറി മറിയുകയായിരുന്നു. ഒരാൾ സംഭവ സ്ഥലത്തുവച്ചും മറ്റെയാൾ ആശുപത്രിയിൽ വച്ചും മരിച്ചതായി പോലീസ് പറഞ്ഞു. അപകടം നടന്ന ശബ്ദം കേട്ട് ഓടിയെത്തിയ നാട്ടുകാർ വിവരം പൂന്തുറ പോലീസിൽ അറിയിക്കുകയായിരുന്നു. പോലീസും നാട്ടുകാരും ചേർന്നാണ് മൂന്നു പേരെയും മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചത്. മരണപ്പെട്ട ഷാരോണിന്റെയും ടിനോയുടെയും മൃതദേഹങ്ങൾ മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേയ്ക്ക് മാറ്റി. പൂന്തുറ പോലീസ് കേസെടുത്തു.

# കൈക്കൂലി കേസ്: എ. സ്വപ്നയുടെ കസ്റ്റഡി അപേക്ഷ കോടതി ഇന്ന് പരിഗണിക്കും

കൊച്ചി: കൈക്കൂലി കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്ത കൊച്ചി കോർപറേഷൻ വൈറ്റില സോണൽ ഓഫീസിലെ ബിൽഡിംഗ് ഇൻസ്പെക്ടർ എ. സ്വപ്നയുടെ കസ്റ്റഡി അപേക്ഷ കോടതി ഇന്ന് പരിഗണിക്കും. മൂവാറ്റുപുഴ കോടതിയാണ് അപേക്ഷ പരിഗണിക്കുക. മൂന്ന് ദിവസത്തേക്കാണ് വിജിലൻസ് ഇവരെ കസ്റ്റഡിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്. സ്വപ്ന വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുണ്ടെന്ന് വിജിലൻസ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. മാസം മൂന്നു ലക്ഷം രൂപയോളം സ്വപ്നയ്ക്ക് കൈക്കൂലിയായി മാത്രം ലഭിച്ചിരുന്നുവെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്. കൈക്കൂലി പണം ഉപയോഗിച്ച് തൃശൂരിലും കൊച്ചിയിലും വീടും സ്ഥലവും വാങ്ങിയെന്നും കാർ വാങ്ങിയെന്നും സ്വപ്ന ചോദ്യം ചെയ്യലിൽ സമ്മതിച്ചിരുന്നു.

സമീപകാലത്ത് സ്വപ്ന അനുവദിച്ച കെട്ടിടനിർമാണ പെർമിറ്റുകളുടെ പൂർണവിവരം ഉൾപ്പെടെ നിരവധി രേഖകൾ വിജിലൻസ് വിശദമായി പരിശോധിച്ചു വരികയാണ്. സ്വപ്നയെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. കെട്ടിടനിർമാണ പെർമിറ്റിന് സ്വന്തം കാറിൽ വന്ന് 15,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെ കഴിഞ്ഞ 30ന് ആണ് തൃശൂർ മണ്ണുത്തി പൊള്ളന്നൂർ സ്വദേശി സ്വപ്ന വിജിലൻസിന്റെ പിടിയിലായത്. എറണാകുളം സ്വദേശിയുടെ പരാതിയിലായിരുന്നു അറസ്റ്റ്.

# ആധാരം രജിസ്ട്രേഷൻ പൂർണമായും ഡിജിറ്റലൈസേഷനിലേക്ക് മാറും: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

കൊല്ലം: ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോടെ ആധാരം രജിസ്ട്രേഷൻ സംവിധാനം പൂർണമായും ഡിജിറ്റലൈസേഷനിലേക്ക് മാറുമെന്നും ആധാരം എഴുത്തുകാരുടെ എഴുത്ത് ഫീസ് വർധിപ്പിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യം സർക്കാർ അംഗീകരിച്ചതായും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.

ഓൾ കേരള ഡോക്യുമെൻറ് റൈറ്റേഴ്സസ് ആൻറ് സ്ക്രൈബ്സ് അസോസിയേഷൻ സംസ്ഥാന കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രജിസ്റ്റർ ചെയ്യുന്ന അന്ന് തന്നെ ആധാരങ്ങൾ നൽകാൻ ഓൺലൈൻ സംവിധാനങ്ങളോടെ സാധിക്കും. 1980 മുതലുള്ള ആധാരങ്ങൾ ഡിജിറ്റലൈസേഷൻ ചെയ്യുന്ന ജോലികൾ നടന്നുവരികയാണ്. ഇതോടെ ആധാരങ്ങളുടെ പകർപ്പ്, ബാധ്യതാ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതു വേഗത്തിലാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

വയനാട്ടിലുണ്ടായ പ്രളയത്തിൽ ആധാരം നഷ്ടപ്പെട്ടവർക്ക് സൗജന്യമായി ആധാര പകർപ്പുകൾ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന പ്രസിഡൻറ് കെ.ജി. ഇന്ദു കലാധരൻ അധ്യക്ഷത വഹിച്ചു. വെൽഫെയർ സൊസൈറ്റിയുടെ ഉദ്ഘാടനം ജി.എസ്.ജയലാൽ എംഎൽഎയും സേവന പ്രവർത്തന ഭാഗമായി നിർമിച്ചു നൽകിയ വീടിന്റെ താക്കോൽദാനം പി.സി.വിഷ്ണുനാഥ് എംഎൽഎയും നിർവഹിച്ചു.വൈസ് പ്രസിഡൻറ് ബി.മോഹൻകുമാർ, എ.എം.ദിനകരൻ, പി.എം.തങ്കച്ചന്, അഗസ്റ്റിൻ ജോസ്, സുനിൽകുമാർ കൊട്ടറ, പി.വേണുഗോപാലൻ നായർ, എം.കെ .മണിലാൽ എന്നിവർ പ്രസംഗിച്ചു. പ്രതിനിധി സമ്മേളനം സംസ്ഥാന ഉപദേശകസമിതി ചെയർമാൻ ഒ.എം.ദിനകരൻ ഉദ്ഘാടനം ചെയ്തു.

# കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ വീണ്ടും പുക

കോഴിക്കോട്: മെഡിക്കൽ കോളജ് ആശുപത്രിയിൽ വീണ്ടും പുക. ആറാം നിലയിലെ അത്യാഹിത വിഭാഗത്തിലാണ് പുക ഉയരുന്നത്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയ്ക്കിടെയാണ് പുക ഉയർന്നത്. ഫയർഫോഴ്സ് സ്ഥലത്തെത്തി പുക നിയന്ത്രണ വിധേയമാക്കി. പുക ഉയർന്നതോടെ ആളുകളെ ഒഴിപ്പിച്ചു. ഷോട്ട് സർക്യൂട്ടാണ് പുക ഉയരാൻ കാരണമെന്നാണ് പ്രാഥമിക വിലയിരുത്തൽ. വെള്ളിയാഴ്ച രാത്രി 7.40നാണ് അത്യാഹിത വിഭാഗത്തിലെ യുപിഎസ് മുറിയിൽ പൊട്ടിത്തെറി ഉണ്ടായതിനെത്തുടർന്ന് തീപിടിത്തമുണ്ടായത്.

# അരിയിൽ ഷുക്കൂർ വധക്കേസ്; വിചാരണ ആരംഭിച്ചു

കൊച്ചി: കണ്ണൂരിലെ മുസ്ലിംലീഗ് പ്രവർത്തകനായിരുന്ന അരിയിൽ ഷുക്കൂർ വധക്കേസിന്റെ വിചാരണ ആരംഭിച്ചു. സിപിഎം നേതാക്കളായ പി. ജയരാജനും ടി. വി. രാജേഷുമുൾപ്പെടെ പ്രതികളായ കേസിലാണ് എറണാകുളം സിബിഐ പ്രത്യേക കോടതിയിലാണ് വിചാരണ. രണ്ട് ഘട്ടമായാണ് വിചാരണ.

വിചാരണ നടപടികൾക്കായി ജയരാജനുൾപ്പെടെയുള്ള പ്രതികൾ കോടതിയിലെത്തി. ജയരാജനൊപ്പം രാജേഷ് അടക്കമുള്ള പ്രതികളാണ് കോടതിയിലെത്തിയത്. സിപിഎമ്മിന്റെ കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പി. ജയരാജന്റെ വാഹനവ്യൂഹത്തിന് നേരെ കല്ലെറിഞ്ഞെന്നാരോപിച്ച് ലീഗ് പ്രവർത്തകനായ ഷുക്കൂറിനെ കൊലപ്പെടുത്തിയത്. 2012 ഫെബ്രുവരി 20ന് തളിപ്പറമ്പിലെ ചുള്ളിയോട് വയലിൽ തടങ്കലിൽവച്ച് വിചാരണ ചെയ്ത് കൊലപ്പെടുത്തിയെന്നാണ് കേസ്.

ആകെ 33 പ്രതികളും 82 സാക്ഷികളുമാണ് കേസിലുള്ളത്. രണ്ട് പ്രതികൾ ഇതിനോടകം മരിച്ചു. പി. ജയരാജനും ടി. വി. രാജേഷും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും പ്രതികളാണ്. ഇരുവർക്കുമെതിരേ കൊലപാതകം, ക്രിമിനൽ ഗൂഢാലോചന കുറ്റങ്ങളാണ് ചുമത്തിയത്.

# സൈബർ ആക്രമണത്തിന് പാക്കിസ്ഥാന്റെ ശ്രമം; ലക്ഷ്യമിട്ടത് ഇന്ത്യൻ പ്രതിരോധ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളെ

ന്യൂഡൽഹി: ഇന്ത്യൻ പ്രതിരോധ സ്ഥാപനങ്ങൾക്ക് നേരെ സൈബർ ആക്രമണത്തിന് പാക്കിസ്ഥാൻ ശ്രമിച്ചെന്ന് കരസേന. ഇന്ത്യൻ മിലിട്ടറി എഞ്ചിനീയറിംഗ് സർവീസ്, മനോഹർ പരീക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആൻഡ് അനാലിസിസ് എന്നിവയുടെ വെബ്സെറ്റുകൾക്ക് നേരെ സൈബർ ആക്രമണശ്രമം നടന്നതായാണ് ഒടുവിൽ പുറത്തുവരുന്ന വിവരം.വ്യക്തിഗത വിവരങ്ങൾ അടക്കം ചോർത്താൻ ശ്രമം നടന്നുവെന്നാണ് കരസേന പറയുന്നത്. വിവര ചോർച്ച തടയാൻ നടപടികൾ സ്വീകരിച്ചെന്നും കരസേന വൃത്തങ്ങൾ വ്യക്തമാക്കി.

എന്നാൽ ഇന്ത്യൻ കരസേനയുമായി ബന്ധപ്പെട്ട നിർണായക വെബ്സൈറ്റുകൾ ഹാക്ക് ചെയ്തെന്ന് അവകാശപ്പെട്ട് ‘പാകിസ്ഥാൻ സൈബർ ഫോഴ്സ്‘ എന്ന സംഘടന സമൂഹ മാധ്യമമായ എക്സിൽ രംഗത്ത് വന്നു. ഇന്ത്യയുടെ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ആർമേർഡ് വെഹിക്കിൾ നിഗം ലിമിറ്റഡിന്റെ (അഢചഘ) വെബ്സൈറ്റിൽ നിന്നുള്ള ചിത്രങ്ങൾ വികൃതമാക്കി എക്സിൽ ഇവർ പോസ്റ്റ് ചെയ്തിട്ടുണ്ടെന്നാണ് വിവരം.

ഇന്ത്യൻ പ്രതിരോധ ഉദ്യോഗസ്ഥരുടെ വിവരങ്ങളും ചോർത്തിയതായാണ് പാകിസ്ഥാൻ സൈബർ ഫോഴ്സിന്റെ അവകാശവാദം.

# പത്തനംതിട്ടയിൽ ക്ഷേത്രത്തിൽ ആക്രമണം; എട്ട് പേർ കസ്റ്റഡിയിൽ

പത്തനംതിട്ട: മേക്കോഴൂർ ഋഷികേശ ക്ഷേത്രത്തിൽ ആക്രമണം നടത്തിയ കേസിൽ എട്ടുപേർ കസ്റ്റഡിയിൽ. ഞായറാഴ്ച രാത്രിയാണ് ക്ഷേത്രത്തിൻറെ ബലിക്കൽ പുരയിൽ കയറി ആക്രമണം നടത്തിയത്.

ക്ഷേത്ര ജീവനക്കാരനെ മർദ്ദിക്കുകയും ഉത്സവത്തിന്റെ ഭാഗമായി സ്ഥാപിച്ചിരുന്ന കട്ടൗട്ടും മറ്റും നശിപ്പിക്കുകയും ചെയ്തു. കഴിഞ്ഞദിവസം ഗാനമേളയിൽ ഉണ്ടായ സംഘർഷത്തിന്റെ തുടർച്ചയായിരുന്നു ആക്രമണം.

മദ്യലഹരിയിൽ ഡിവൈഎഫ്ഐക്കാരാണ് ആക്രമണം നടത്തിയത് എന്ന് ക്ഷേത്ര ഉപദേശക സമിതി ഭാരവാഹികൾ ആരോപിച്ചു. ക്ഷേത്രസംരക്ഷണസമിതി ഇന്ന് ഉച്ചയ്ക്ക് 12 മുതൽ വൈകുന്നേരം ആറുവരെ മൈലപ്ര പഞ്ചായത്തിൽ ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുണ്ട്.

# മീനച്ചിലാറ്റിൽ ഒഴുക്കിൽപ്പെട്ടു കാണാതായ രണ്ടു വിദ്യാർഥികളുടെയും മൃതദേഹം കണ്ടെടുത്തു

പാലാ: മീനച്ചിലാറ്റിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ടു വിദ്യാർഥികളുടെയും മൃതദേഹം കണ്ടെടുത്തു. അടിമാലി കരിങ്കുളം കൈപ്പൻപ്ലാക്കൽ അമൽ കെ. ജോമോന്റെ മൃതദേഹമാണ് ഇന്നു രാവിലെ കണ്ടെത്തിയത്. മുണ്ടക്കയം പാലൂർക്കാവ് പന്തപ്ലാക്കൽ ബിജി ജോസഫിന്റെ മകൻ ആൽബിൻ ജോസഫി(21)ന്റെ മൃതദേഹം ഞായറാഴ്ച കണ്ടെത്തിയിരുന്നു.

അമലിന്റെ മൃതദേഹം കളരിയാമ്മാക്കൽ ചെക്ക് ഡാമിൽനിന്നാണ് കണ്ടെത്തിയത്. വിദ്യാർഥികളെ കാണാതായ മീനച്ചിലാറ്റിലെ വിലങ്ങുപാറ കടവിന് 200 മീറ്റർ താഴെ ഭരണങ്ങാനം ക്ഷേത്രക്കടവിൽ നിന്നാണ് ആൽബിന്റെ മൃതദേഹം കണ്ടെടുത്തത്.

ഈരാറ്റുപേട്ടയിൽനിന്നുള്ള സന്നദ്ധ സംഘടനകളായ ടീം എമർജൻസി, നന്മക്കൂട്ടം സംഘാംഗങ്ങളാണു തെരച്ചിൽ നടത്തി വെള്ളത്തിനടിയിൽനിന്ന് ആൽബിന്റെ മൃതദേഹം മുങ്ങിയെടുത്ത് കരയ്ക്കെത്തിച്ചത്.

# ഉദ്യോഗസ്ഥരുടെ ഒത്താശ: കൊല്ലം കോർപറേഷനിൽ അനധികൃത നിർമാണങ്ങൾ പൊടിപൊടിക്കുന്നു

കൊല്ലം: കൊല്ലം കോർപറേഷൻ പരിധിയിലെ വടക്കേവിള, ഇരവിപുരം സോണൽ ഓഫീസുകൾക്ക് കീഴിൽ വ്യാപകമായ അനധികൃത നിർമാണ പ്രവർത്തികൾ നടക്കുന്നതായി പരാതി.

ബിൽഡിംഗ് ലൈസൻസി,ബിൽഡിംഗ് ഇൻസ്പെക്ടർ, ഓവർസിയർ അടക്കമുള്ളവരാണ് ചട്ടങ്ങൾ മറികടന്നു നടക്കുന്ന കെട്ടിട നിർമാണത്തിന് സഹായങ്ങൾ ചെയ്തു കൊടുക്കുന്നത്. ലൈസൻസി ഒരു പ്ലാൻ നൽകി നിർമാണത്തിന് പെർമിറ്റ് വാങ്ങിയെടുത്ത ശേഷം പ്ലാനിൽ മാറ്റം വരുത്തി കെട്ടിടം നിർമിക്കാൻ ഉദ്യോഗസ്ഥ ലോബി കണ്ണടച്ചു പോക്കറ്റ് വീർപ്പിക്കുകയാണ്.

കോർപറേഷനിലെയും സോണൽ ഓഫീസുകളിലെയും രേഖകളിൽ ആവശ്യമായ സെറ്റ് ബാക്കുകൾ നൽകി അപ്രൂവൽ വാങ്ങിയ പ്ലാനുകൾ നിർമാണം നടക്കുമ്പോൾ മാറ്റി മറിക്കപ്പെടുകയാണ്.

തങ്ങൾക്ക് ചോദിച്ചാൽ ആവശ്യത്തിലധികം കിട്ടുമെന്നതിനാൽ ഉദ്യോഗസ്ഥർ ഈ ക്രമക്കേടിന് കൂട്ട് നിൽക്കുകയാണ്. മതിയായ അനുമതികളില്ലാതെയും നിലവിലുള്ള കെട്ടിട നിർമാണ ചട്ടങ്ങൾ കാറ്റിൽ പറത്തിയുമാണ് പലയിടത്തും നിർമാണങ്ങൾ പുരോഗമിക്കുന്നത്.

ചട്ടങ്ങൾ ലംഘിച്ച് കൊണ്ടുള്ള ഈ നിർമാണങ്ങൾ സമീപവാസികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. റോഡ് അരികിൽ നടക്കുന്ന അനധികൃത നിർമാണം സംബന്ധിച്ച് വടക്കേവിള സ്വദേശി സനീഷ് പരാതി നൽകിയിട്ടുണ്ട്.

ഈ വിഷയത്തിൽ കോർപറേഷൻ അധികൃതർ ഇടപെടണമെന്നും അനധികൃത നിർമാണങ്ങൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കണമെന്നും ഉള്ള ആവശ്യം ശക്തമായിരിക്കുകയാണ്.

# മകനുമായി തർക്കം; അച്ഛനെ തടഞ്ഞുനിർത്തി കുത്തിപ്പരിക്കേൽപ്പിച്ച് മൂന്നംഗസംഘം

തിരുവനന്തപുരം: മകനുമായുള്ള തർക്കത്തിൽ അച്ഛനെ തടഞ്ഞുനിർത്തി കുത്തിപ്പരിക്കേൽപ്പിച്ച മൂന്നംഗസംഘം അറസ്റ്റിൽ. മുട്ടത്തറ പൂന്തുറ ആറ്റിൻപുറം സ്വദേശികളായ സുനിൽ (25), ബ്രിജിൻ (29), വർഗീസ് (27) എന്നിവരാണ് പിടിയിലായത്. പൂന്തുറ ആറ്റിൻപുറം സ്വദേശിയായ മരിയാ ദാസിനാണ് കുത്തേറ്റത്. മകനുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് മൂന്നുപേരും ചേർന്ന് തടഞ്ഞ് നിർത്തി മരിയ ദാസനെ കുത്തിപ്പരിക്കേല്പിക്കുകയായിരുന്നെന്ന് പോലീസ് പറഞ്ഞു. വെള്ളിയാഴ്ച രാത്രിയായിരുന്നു സംഭവം. വയറ്റിൽ ആഴത്തിൽ കുത്തേറ്റ മരിയാ ദാസൻ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. മുൻ വൈരാഗ്യമാണ് ആക്രണമത്തിന് കാരണമെന്ന് പോലീസ് പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.